# Trichur Archdiocesan Bulletin

സെപ്റ്റംബർ 2020
വാല്യം: 87 ലക്കം: 09
ESTD:1934




ജലപ്രളയത്തിന്റെ അന്ത്യം (ഉത്പത്തി 8 : 6 – 12)

TAB



വരന്തരപ്പള്ളി വിമലഹൃദയ ദൈവാലയത്തിലെ
നവീകരിച്ച അൾത്താര വെഞ്ചിരിപ്പ്
(മാർ ആൻഡ്രൂസ് താഴത്ത് - 22 ആഗസ്റ്റ് 2020)





Trichur Archdiocesan Bulletin TAB

ESTD:1934


**സെപ്റ്റംബർ 2020**

ലക്കം: 9 വാല്യം: 87


Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*


*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com



*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org



## ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 10 |
| നാളാഗമം | 14 |
| സാമ്പത്തിക കാര്യാലയം | 18 |
| വൈദികർ | 22 |
| സന്യസ്തർ | 24 |
| നാമകരണ നടപടികൾ | 28 |
| പാലയൂർ തീർത്ഥകേന്ദ്രം | 30 |
| വിശ്വാസപരിശീലനം | 31 |
| സ്ഥാപനങ്ങൾ | 38 |
| സംഘടനകൾ | 60 |

Prot. No. 0989/2020
24.08.2020

# സർക്കുലർ

## എട്ടുനോമ്പാചരണം



മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 21 വരെ നടന്ന നമ്മുടെ സഭയുടെ സിനഡിന്റെ ഒരു പ്രധാന തീരുമാനം അറിയിക്കുന്നതിനാണ് ഈ കത്ത്. സിനഡിന്റെ ചർച്ചകളെയും തീരുമാനങ്ങളെയും കുറിച്ചുള്ള പൊതുവായ സർക്കുലർ താമസിയാതെ അയക്കുന്നതാണ്.

എട്ടുനോമ്പ് നമ്മുടെ സഭയിൽ ഏതാനും വർഷങ്ങളായി കൂടുതൽ പ്രാധാന്യത്തോടെ ആചരിക്കപ്പെടുന്നുണ്ട്. കോവിഡിന്റെ വ്യാപനം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഈ മഹാമാരിയെ അതിജീവിക്കുക എന്ന നിയോഗത്തിൽ നമ്മുടെ സഭയിൽ എല്ലാവരും ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണമായി അനുഷ്ഠിക്കണമെന്ന് സിനഡിൽ തീരുമാനമുണ്ടായി. അതനുസരിച്ച് സെപ്റ്റംബർ ഒന്നു മുതൽ ഏഴു വരെയുള്ള ദിവസങ്ങളിൽ എല്ലാവരും നോമ്പ് ആചരിക്കേണ്ടതാണ്.

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ
മേജർ ആർച്ചുബിഷപ്പ്

ഈ ദിവസങ്ങളിൽ ഈ പകർച്ചവ്യാധിയിൽനിന്നുള്ള അതിജീവനത്തിനായി പ്രത്യേക പ്രാർത്ഥനകൾ തുടരണം. നോമ്പുദിവസങ്ങളിൽ മാംസവും മത്സ്യവും വർജിക്കണമെന്നു പറയേണ്ടതില്ലല്ലോ.

കൂടാതെ, നോമ്പിനിടയിലുള്ള നാലാം തീയതി വെള്ളിയാഴ്ച സാധിക്കുന്ന എല്ലാവരും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. അന്നേ ദിവസം നമ്മുടെ സഭയിലെ മെത്രാന്മാരും, രൂപതക്കാരും സമർപ്പിതരുമായ എല്ലാ വൈദികരും ഈ മഹാമാരിയെ അതിജീവിക്കുന്നതിന് ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാന അർപ്പിക്കണം. ആ വിശുദ്ധ കുർബാനയിൽ ജനങ്ങളെല്ലാവരും ഏതെങ്കിലും രീതിയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കണം. അങ്ങനെ നമ്മുടെ സഭ മുഴുവൻ ഒരേ ദിവസം ഒന്നിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവസന്നിധിയിൽ അത് കൂടുതൽ സ്വീകാര്യമാകുമല്ലോ. എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ നമുക്ക് സമുചിതമായി ആഘോഷിക്കാം.

കാരുണ്യവാനായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.


ഈശോയിൽ സ്നേഹപൂർവ്വം,

കാർഡിനൽ ജോർജ്ജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

*ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ആഗസ്റ്റ് 30–ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.*

1301/2020 C- 11
08.08.2020



# സർക്കുലർ

മിശിഹായിൽ പ്രിയ വൈദികരെ, സമർപ്പിതരെ, പ്രിയ സഹോദരി സഹോദരന്മാരെ,

ലോകത്തെ മുഴുവൻ ഗ്രസിച്ചുകൊണ്ടിരിക്കുന്ന കോവിഡ് – 19 മഹാമാരി കേരളത്തിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ഈ ദിവസങ്ങളിൽ നമ്മുടെ നാട്ടിൽ ഉണ്ടായ പ്രളയക്കെടുതിയിലും ഉരുൾപൊട്ടലിലും വിമാന ദുരന്തത്തിലും വളരെ പേർ മരിക്കുകയും രോഗഗ്രസ്ഥരാകുകയും അനേകർ വിഷമസന്ധിയിൽ ആകുകയും ചെയ്തിരിക്കുകയാണ്. മരണപ്പെട്ടവർക്ക് നിത്യശാന്തി നേരുകയും, ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രതിസന്ധികൾ തരണം ചെയ്യാൻ സർക്കാരും ആരോഗ്യ പ്രവർത്തകരും സന്നദ്ധ സേനാംഗങ്ങളും നടത്തുന്ന പ്രവർത്തന

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

ങ്ങളോട് ചേർന്ന് നമ്മളോരോരുത്തരും നമുക്ക് കഴിയാവുന്ന വിധത്തിൽ സഹായങ്ങൾ ചെയ്യേണ്ടതാണ്. അതോടൊപ്പം നാഥനും രക്ഷകനുമായ ദൈവത്തിലേക്ക് തിരിഞ്ഞ് നാം തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതാണ്.

2018 ഓഗസ്റ്റിലെ പേമാരിയെ ഓർമ്മപ്പെടുത്തുന്ന മഴക്കെടുതിയാണ് ഈ ദിവസങ്ങളിൽ നാം അനുഭവിക്കുന്നത്. വിവിധയിടങ്ങളിൽ വീടുകളിലേക്ക് വെള്ളം കയറിയതായും വിവിധ പ്രദേശങ്ങളിൽ അടിയന്തരസാഹചര്യം നിലനിൽക്കുന്നതായും മനസ്സിലാക്കുന്നു. ഇതിനകം തന്നെ കളക്ടറേറ്റിൽ നിന്നും നമ്മുടെ ജില്ലയിലെ ഏകദേശം 826 സ്ഥാപനങ്ങൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. നമ്മുടെ ഭാഗത്തുനിന്ന് ആവശ്യമായ മുന്നൊരുക്കങ്ങൾ അതതു സ്ഥലങ്ങളിൽ നടത്തേണ്ടതാണ്.

ഇടവകകളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തണമെന്ന് ആഹ്വാനം ചെയ്യുന്നു.

1. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ചു മാത്രമേ നമ്മുടെ സ്ഥാപനങ്ങൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കേണ്ടതുള്ളൂ. മറിച്ചൊരു സാഹചര്യം ഇടവകതലത്തിൽ ഉണ്ടാവുകയാണെങ്കിൽ, ബന്ധപ്പെട്ട അധികൃതരുമായി (തദ്ദേശസ്വയംഭരണവകുപ്പ്, വില്ലേജ്, പോലീസ്, ആരോഗ്യവകുപ്പ് മുതലായവ) ആശയവിനിമയം നടത്തിയശേഷം മാത്രമേ ക്യാമ്പുകൾ ആരംഭിക്കുവാൻ പാടുള്ളൂ.
2. സർക്കാർ നിർദ്ദേശപ്രകാരം ആരംഭിക്കുന്ന ക്യാമ്പുകളിൽ ആദ്യ ദിവസങ്ങളിലെ ക്രമീകരണങ്ങൾക്ക് (ഉദാ. ഭക്ഷണം, വസ്ത്രം, അനുബന്ധ സൗകര്യങ്ങൾ) പ്രാദേശികതലത്തിൽ സ്പോൺസർമാരെ കണ്ടെത്തുകയോ ഇടവക തലത്തിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുകയോ ചെയ്യേണ്ടതാണ്. പരിപൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു മാത്രമേ ഇക്കാര്യങ്ങൾ ചെയ്യുവാൻ പാടുള്ളൂ. മാസ്ക്, സാനിറ്റൈസർ, പുതപ്പ്, പായ,

എമർജൻസി കിറ്റ് തുടങ്ങിയവയുടെ ലഭ്യത ഉറപ്പു വരുത്തുകയും വേണം.

3. കഴിഞ്ഞ വർഷങ്ങളിൽ ദുരിതാശ്വാസക്യാമ്പുകൾ പ്രവർത്തിച്ചിട്ടുള്ള നമ്മുടെ സ്ഥാപനങ്ങളുള്ള ഇടവകകൾ അടിയന്തരമായി ബഹുമാനപ്പെട്ട വികാരിയച്ചനും കൈക്കാരന്മാരും കമ്മിറ്റി അംഗങ്ങളും മറ്റും ഒരുമിച്ചുകൂടി സാഹചര്യം വിലയിരുത്തേണ്ടതുണ്ട്. ആവശ്യമെങ്കിൽ പ്രാഥമിക സൗകര്യങ്ങൾ സ്ഥാപനങ്ങളിൽ ഒരുക്കേണ്ടതാണ്.
4. സമർപ്പിതരുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുവാൻ നിർദ്ദേശം ഉണ്ടെങ്കിൽ, സ്ഥലത്തെ വികാരിയുമായും ബന്ധപ്പെട്ട സർക്കാർ, തദ്ദേശസ്വയംഭരണവകുപ്പ്, ആരോഗ്യവകുപ്പ്, പോലീസ് തുടങ്ങിയ അധികൃതരുമായും ആശയവിനിമയം നടത്തേണ്ടതും സന്നദ്ധസേവകരുടെ സേവനം ഉറപ്പുവരുത്തേണ്ടതുമാണ്.
5. നമ്മുടെ യുവജന പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര സാഹചര്യം നേരിടാനുള്ള സന്നദ്ധപ്രവർത്തകരെ കണ്ടെത്തി സജ്ജമാക്കുന്നത് അഭികാമ്യമാണ്.
6. അതിരൂപതതലത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചുമതല നൽകിയിരിക്കുന്നത് സാന്ത്വനം ആണ്. ആവശ്യഘട്ടങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾക്കായും ഏതെങ്കിലും സ്ഥലങ്ങളിൽ പ്രളയദുരിതം ഉണ്ടാവുകയാണെങ്കിൽ അക്കാര്യം അറിയിക്കുന്നതിനായും സാന്ത്വനം ഓഫീസുമായോ താഴെപ്പറയുന്നവരുമായി ബന്ധപ്പെടാവുന്നതാണ്:

   ഫാ. ജോയ് മൂക്കൻ (ഫോൺ: 9447242344; 9497654449 -Whats app)
   ഫാ. ജോസഫ് വട്ടക്കുഴി (ഫോൺ: 9968296339)
   ഫാ. സിന്റോ തൊറയൻ (ഫോൺ: 9744285022)

   സാന്ത്വനത്തിന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നിങ്ങൾക്ക് സാധിക്കാവുന്ന സഹായങ്ങൾ (സാമ്പത്തിക സഹായങ്ങൾ അടക്കം) ചെയ്യുവാൻ ആഹ്വാനം ചെയ്യുന്നു.
7. ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അതത് സമയങ്ങളിൽ ബഹുമാനപ്പെട്ട ജില്ലാകളക്ടറുടെയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെയും ഭാഗത്തുനിന്നുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

8 കഴിഞ്ഞ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി കോവിഡിന്റെ പ്രത്യേക പശ്ചാത്തലത്തിലാണ് ഈ വർഷത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

അവശ്യംവേണ്ട സുരക്ഷയും മുൻകരുതലുകളും എടുത്തുമാത്രമേ പ്രവർത്തനങ്ങളിൽ ഏർപ്പെടാവു എന്ന കാര്യം ഒന്നുകൂടി ശ്രദ്ധയിൽ പെടുത്തുന്നു. ഈ ദുരിത കാലം മാറി നന്മയുടെ നല്ല നാളുകൾ ഉണ്ടാവട്ടെ എന്ന് നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. ഈ ദുരിത കാലത്തെ നമുക്കൊരുമിച്ച് ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നേരിട്ട് അതിജീവിക്കാം.

അടുത്തുവരുന്ന സ്വാതന്ത്ര്യദിനത്തിന്റേയും മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത

NB: ഈ സർക്കുലറിലെ ആശയങ്ങൾ 9-8-2020 ന് ജനങ്ങളെ അറിയിക്കേണ്ടതാണ്.

# കച്ചേരി
## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

സെപ്റ്റംബർ 2020

| | |
|---|---|
| 1 | : എട്ടു നോമ്പാരംഭം |
| 4 | : ആദ്യവെള്ളി |
| 5 | : കൊൽക്കൊത്തയിലെ വി. തെരേസ |
| 6 | : **ഏലിയാ സ്ലീവ മൂശ ഒന്നാം ഞായർ** |
| 8 | : പരി. കന്യകാമറിയത്തിന്റെ പിറവിതിരുനാൾ |
| 12 | : വി. ജോൺ ക്രിസോസ്തോം |
| 13 | : **ഏലിയാ സ്ലീവ മൂശ രണ്ടാം ഞായർ** |
| 14 | : വി. കുരിശിന്റെ പുകഴ്ച |
| 20 | : **ഏലിയാ സ്ലീവ മൂശ മൂന്നാം ഞായർ** |
| 21 | : വി. മത്തായി ശ്ലീഹാ |
| 26 | : വി. വിൻസെന്റ് ഡി പോൾ |
| 27 | : **ഏലിയാ സ്ലീവ മൂശ നാലാം ഞായർ** |
| 29 | : വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ |
| 30 | : വി. ജെറോം |

**2. ഏലിയാ–സ്ലീവ–മൂശക്കാലങ്ങൾ**

ഏലിയാ–സ്ലീവ–മൂശക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനും മുമ്പായി ഏലിയാ വരുമെന്നും വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോധ്യപ്പെടുത്തുമെന്നും ആദിമ സഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രൂപാന്തരീകണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നുവെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്ത രീകരണം അവിടുത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാ



ണല്ലോ. രൂപാന്തരപ്പെട്ട സമയത്ത് മൂശയും അവിടുത്തോടൊപ്പം ഉണ്ടായിരുന്നതായിരിക്കാം സ്ലീവ നടുവിൽ വരത്തക്കവിധം ഏലിയാ–സ്ലീവ–മൂശക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം. ലോകവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലങ്ങളിലെ പ്രധാനവിഷയങ്ങൾ. അതോടൊപ്പം പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, പാപത്തെ തുടച്ചുമാറ്റാനുള്ള ആഹ്വാനവും നമുക്കു നൽകുന്നു.

മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമധ്യത്തിൽ മഹത്വപൂർണ്ണനായി പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലഘട്ടത്തിൽ നാം പ്രത്യേകം അനുസ്മരിക്കുന്നുണ്ട്. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ രാജാവിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവും അദ്ദേഹത്തിന്റെ അമ്മയായ ഹെലേനാ രാജ്ഞി കുരിശു കണ്ടെത്തിയ കാര്യവും ഈ കാലത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുന്നു. ചെങ്കടലിനു മീതെ തന്റെ വടി നീട്ടികൊണ്ട് മൂശ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ നല്ലൊരു വഴി കാട്ടിത്തന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മൂശ മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട് സ്ലീവാവഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം ഈ കാലങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വരാനിരിക്കുന്ന സ്വർഗ്ഗീയ സഭയുടെ ഒരു മുന്നാസ്വാദനംകൂടി ഇവിടെ നാം ദർശിക്കുന്നു.

3. **വൈദികരുടെ വാർഷികധ്യാനം:**

ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ വർഷത്തെ വൈദികരുടെ വാർഷിക ധ്യാനം 2020 സെപ്തംബർ 20 ഞായർ മുതൽ 23 ബുധൻ വരെ ഓൺലൈൻ വഴിയാണ് നടത്തുന്നത്.

വാർഷിക ധ്യാനത്തിനു നേതൃത്വം നല്കുന്നത് ഫാ. സ്റ്റീഫൻ ഒലേതാഴത്ത് OFM Conv. (Provincial Councillor, St. Maximilian Kolbe Province - Karukkuty) ആണ്. ധ്യാനത്തിന്റെ സമയക്രമവും മറ്റു വിവരങ്ങളും പിന്നീട് അറിയിക്കുന്നതാണ്.

കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ ഫൊറോനവികാരി വഴിയോ, നേരിട്ടോ അതിരൂപത കാര്യാലയത്തിൽ ധ്യാനത്തോടനുബന്ധിച്ച് എത്തിക്കേണ്ടതാണ്.

അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്ക് ഈ ഓൺലൈൻ വാർഷികധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ എത്രയുംവേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

**4. വൈദികരുടെ നിയമനം:**

1. ഫാ. തെക്കയിൽ ധിബിൻ CMI – സഹവികാരി അമ്മാടം ഒഴിവായി; സാധുത 2020 ജൂലൈ 8 മുതൽ.
2. ഫാ. വടക്കേത്തല ജെയ്സൻ – സഹായി അമ്മാടം; സാധുത 2020 ജൂലൈ 8 മുതൽ.
3. ഫാ. ചേലപ്പാടൻ ജോർജ്ജ് – സീനിയർ റസിഡന്റ് പ്രീസ്റ്റ് കുരിയച്ചിറ ഒഴിവായി; സാധുത 2020 ജൂലൈ 9 മുതൽ.
4. ഫാ. പുത്തൂർ ലിയോ – നോട്ടറി കൂരിയ കൂടി; സാധുത 2020 ജൂലൈ 15 മുതൽ.
5. ഫാ. പൊന്തേക്കൻ ജോമോൻ – സഹായി പുറനാട്ടുകര; സാധുത 2020 ജൂലൈ 15 മുതൽ.
6. ഫാ. ചിരിയങ്കണ്ടത്ത് ഷിജോ – ജഡ്ജ് മെത്രാപ്പോലീത്തൻ കൂടി; സാധുത 2020 ജൂലൈ 15 മുതൽ.
7. ഫാ. പൊറുത്തൂർ ഡൈജോ – ബലിയർപ്പണം പി. സി. തോമസ് ട്യൂഷൻ സെന്റർ കൂടി, ബലിയർപ്പണം സി. എച്ച്. എഫ്. മുക്കാട്ടുകര ഒഴിവായി; സാധുത 2020 ജൂലൈ 15 മുതൽ.
8. ഫാ. താണിക്കൽ അനുവിൻ – ബലിയർപ്പണം സി. എച്ച്. എഫ്. മുക്കാട്ടുകര കൂടി, ബലിയർപ്പണം പി. സി. തോമസ് ട്യൂഷൻ സെന്റർ

ഒഴിവായി; സാധുത 2020 ജൂലൈ 15 മുതൽ 25 ഒക്ടോബർ വരെ.

9. ഫാ. കോളാട്ടുകുഴി നിക്സൻ OFM.Cap. – വികാരി കുറുമാൽ; സാധുത 2020 ജൂലൈ 18 മുതൽ.

10. ഫാ. കോനിക്കര ലിന്റോ OFM.Cap. – വികാരി കുറുമാൽ ഒഴിവായി; സാധുത 2020 ജൂലൈ 18 മുതൽ.

11. ഫാ. തലക്കോട്ടൂർ ബിറ്റോ OFM.Cap.– സഹവികാരി അരണാട്ടുകര; സാധുത 2020 ജൂലൈ 18 മുതൽ.

12. ഫാ. കല്ലേലി ജിജോ OFM.Cap. – സഹവികാരി അരണാട്ടുകര ഒഴിവായി; സാധുത 2020 ജൂലൈ 18 മുതൽ.

13. ഫാ. അന്തിക്കാട്ട് ജോസഫ് – വികാരി എരവിമംഗലം, കപ്ലോൻ ഡി. എം. മഠം; വികാരി കല്ലൂർ കിഴക്ക്, കപ്ലോൻ സി. എച്ച്. എഫ്. മഠം ഒഴിവായി; സാധുത 2020 ജൂലൈ 23 മുതൽ.

14. ഫാ. കീഴൂരുമുട്ടിക്കൽ മനോജ് – വികാരി പൂച്ചിന്നിപ്പാടം കൂടി; വികാരി എരവിമംഗലം, കപ്ലോൻ ഡി. എം. മഠം ഒഴിവായി; സാധുത 2020 ജൂലൈ 23 മുതൽ.

15. ഫാ. പാണേങ്ങാടൻ ആന്റോ – വികാരി ചോറ്റുപാറ; വികാരി പൂച്ചിന്നിപ്പാടം ഒഴിവായി; സാധുത 2020 ജൂലൈ 23 മുതൽ.

16. ഫാ. തരകൻ വർഗ്ഗീസ് – വികാരി കല്ലൂർ കിഴക്ക്, കപ്ലോൻ സി. എച്ച്. എഫ്. മഠം; വികാരി ചോറ്റുപാറ ഒഴിവായി; സാധുത 2020 ജൂലൈ 23 മുതൽ.

17. ഡീ. അറങ്ങാശ്ശേരി ലിൻജോ CMI – ഡീക്കൻ മിനിസ്ട്രി മരത്താക്കര; സാധുത 2020 ജൂലൈ 15 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്



# നാളാഗമം

## ജൂലായ് 2020

1. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട് രചിച്ച Be Unreal Love with Values on Life എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം ബിഷപ്പ് ഹൗസിൽ വെച്ച് നിർവഹിച്ചു. ഉച്ചയ്ക്ക് പെരിങ്ങണ്ടിയൂർ ഗ്രേസ് ഹോമിൽ സന്ദർശനം നടത്തി.
2. അഭിവന്ദ്യ താഴത്ത് പിതാവ് കെ.സി.വൈ.എം. സംഘടനയുടെ നേതൃത്വത്തിൽ നിർധനരായ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായുള്ള Smart T.V. വിതരണ ഉദ്ഘാടനം നിർവഹിച്ചു.
3. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പാലയൂർ മാർത്തോമാ തീർത്ഥകേന്ദ്രത്തിന്റെ ആർക്കി എപ്പിസ്കോപ്പൽ പ്രഖ്യാപനത്തിൽ പങ്കെടുത്ത് ദിവ്യബലി അർപ്പിച്ചു. ഗ്ലോബൽ കത്തോലിക്ക കോൺഗ്രസിന്റെ നിർധനരായ വിദ്യാർത്ഥിക്കൾക്കായുള്ള പഠനോപകരണ വിതരണ ഉദ്ഘാടനം നിർവഹിച്ചു. പാലയൂർ മാർ തോമാ തീർത്ഥാടന കേന്ദ്രത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം ആയി ഉയർത്തുന്ന ചടങ്ങിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുക്കുകയും ദിവ്യബലി

യർപ്പണത്തിൽ സഹകാർമ്മികത്വം വഹിക്കുകയും ചെയ്തു. അന്നേ ദിവസം വൈകീട്ട് തോളൂർ പള്ളിയിലെ ഗ്രോട്ടോ ആശീർവദിക്കുകയും ഇടവകപള്ളിയിൽ വി. ബലിയർപ്പിക്കുകയും ചെയ്തു.

4. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പുറനാട്ടുകര ഇടവകപള്ളിയിൽ ആദ്യകുർബാന സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. അന്നേ ദിവസം വൈകീട്ട് മറ്റം ഇടവക ദൈവാലയ അതിർത്തിയിൽ സാന്ത്വനത്തിന്റെയും ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിന്റെയും നേതൃത്വത്തിൽ നിർമ്മിച്ച അഞ്ച് കാരുണ്യ ഭവനങ്ങൾ ആശീർവദിക്കുകയും ചെയ്തു.

5. അഭിവന്ദ്യ താഴത്ത് പിതാവ് കെ. സി. വൈ. എം. സംഘടനയുടെ ഹരിതം പദ്ധതിയുടെ വിത്ത് വിതരണ ഉദ്ഘാടനം നിർവഹിച്ചു. ഉച്ചതിരിഞ്ഞ് അതിരൂപത കുടുംബ കൂട്ടായ്മ കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ നടന്ന വെബിനാർ ഉദ്ഘാടനം ചെയ്തു പങ്കെടുത്തു. വേലൂർ ഇടവക ദൈവാലയത്തിൽ മാർ ടോണി നീലങ്കാവിൽ പിതാവ് വി. ബലിയർപ്പിക്കുകയും കാരുണ്യഭവനം ആശീർവദിക്കുകയും ചെയ്തു.

7. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് മേരിസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

8. അഭിവന്ദ്യ താഴത്ത് പിതാവ് ദീപിക ഹെൽത്ത് കാർഡിന്റെ ഉദ്ഘാടനം നിർവഹിച്ചു.

11. മേരിമാത മേജർ സെമിനാരിയിൽ മാർ ടോണി നീലങ്കാവിൽ പിതാവ് വി. ബലിയർപ്പിച്ചു.

12. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുവില്വാമല സെന്റ് പോൾ ഗുരുകുലം സെമിനാരിയിൽ വി. ബലിയർപ്പിക്കുകയും വൈദികവിദ്യാർത്ഥികളെ കണ്ട് സംസാരിക്കുകയും ചെയ്തു.

14. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ചേലക്കര ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സി.എം.സി. സന്യാസിനി സമൂഹത്തിന്റെ ഭൂരഹിത കുടുംബങ്ങൾക്കുവേണ്ടിയുള്ള ഭൂമി വിതരണം പുതുക്കാട് ഉദ്ഘാടനം നിർവഹിച്ചു. സി.ബി.സി.ഐ. വിദ്യാഭ്യാസ കമ്മീഷന്റെ വെബിനാറിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് അതിരൂപത സോഷ്യൽ ആക്ഷൻ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ചിറ്റിശ്ശേരയിൽ നിർമ്മാണം പൂർത്തിയാക്കിയ വീടിന്റെ വെഞ്ചിരിപ്പ്

കർമ്മം നടത്തി.

17. അഭിവന്ദ്യ താഴത്ത് പിതാവ് സ.ിബ.ിസി.ഐ. വിദ്യാഭ്യാസ കമ്മീഷൻ വെബിനാറിൽ പങ്കെടുത്തു. വൈകീട്ട് ഖത്തർ എസ്. എം. സി. എ. യുടെ വെബിനാർ ഉദ്ഘാടനം ചെയ്തു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അബ്ബാ റിന്യൂവൽ റിട്രീറ്റ് സെന്ററിൽ വി. ബലിയർപ്പിക്കുകയും ഡിഗ്രി കോഴ്സ് ചെയ്തുകൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുക്കുകയും ചെയ്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പെർമെന്റ് സിനഡിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് എരുമപ്പെട്ടി ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. വേലൂപ്പാടം ഇടവകയിൽ ഫരിദാബാദ് രൂപതയ്ക്കായി വൈദിക പരിശീലനം പൂർത്തിയാക്കിയ ബഹു. ഡീ. ജിതിൻ മുട്ടത്തിന് മാർ ടോണി നീലങ്കാവിൽ പിതാവ് ശുശ്രൂഷാപൗരോഹിത്യം നൽകി.

19. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപതയിലെ അത്മായ നേതാക്കളുടെ വെബിനാർ ഉദ്ഘാടനം ചെയ്തു പങ്കെടുത്തു.

20. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ മറ്റം ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ഒല്ലൂർ ഫൊറോനയുടെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

21. അഭിവന്ദ്യ പിതാക്കന്മാർ കൊട്ടേക്കാട് ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് തൃശ്ശൂർ അതിരൂപതക്ക് പുറത്ത്  സേവനം ചെയ്യുന്ന വൈദികരുടെ ഓൺലൈൻ കൂട്ടായ്മയിൽ പങ്കെടുത്തു.

22. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ പാലയൂർ ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പറപ്പൂർ ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

23. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പട്ടിക്കാട് ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തന്റെ ജന്മദിനത്തിൽ ഡി.ബി.സി.എൽ.സി.യിൽ വച്ച് മീഡിയ കത്തോലിക്കയിലൂടെ കൃതജ്ഞതാ ബലിയർപ്പിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്തു.

24. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ വൈദികരുടെ ഓൺലൈൻ മാസധ്യാനത്തിലും വൈദിക സമ്മേളനത്തിലും പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഇന്റേണൽ ഓഡിറ്റേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ വെബിനാറിൽ പങ്കെടുത്തു. വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിനോട് ചേർന്ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവും, മാർ ടോണി നീലങ്കാവിൽ പിതാവും വി. ബലി അർപ്പിച്ചു.
26. അഭിവന്ദ്യ പിതാക്കന്മാർ തൃശ്ശൂർ അതിരൂപതയിൽ സേവനം ചെയ്യുന്ന സന്യസ്തരുടെ ഓൺലൈൻ കൂട്ടായ്മയിൽ പങ്കെടുത്തു.
27. അഭിവന്ദ്യ പിതാക്കന്മാർ പുതുക്കാട് ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ലൂർദ് ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു.
28. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ പുത്തൂർ ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് വടക്കാഞ്ചേരി ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് ദീപിക ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.
29. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചൂണ്ടൽ കോൺവെന്റിൽ സി. റോസി ജോൺ സി.എം.സി. യുടെ മൃതസംസ്കാര ശുശ്രൂഷൾക്ക് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അവിണിശ്ശേരി ബാലഭവനിൽ താമസിക്കുന്ന വൈദികവിദ്യാർത്ഥികളെ സന്ദർശിക്കുകയും അവരോടൊത്ത് വി. ബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യപിതാക്കന്മാർ ഉച്ചതിരിഞ്ഞ് ബസിലിക്ക ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.
30. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ വേലൂർ ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ വീഡിയോ കോൺഫ്രറൻസിൽ പങ്കെടുത്തു
31. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ കണ്ടശാംകടവ് ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പഴുവിൽ ഫൊറോനയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

# സാമ്പത്തിക കാര്യാലയം



**1. സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ**

സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് സമർപ്പിക്കൽ ഒക്ടോബർ 19–ാം തിയതി മുതലാണ് തുടങ്ങുന്നത്.

| | | | |
|---|---|---|---|
| 1. | ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | ഒക്ടോബർ 19 | 10.00 am |
| 2. | സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് ലിലിയൻ ഫോണ്ടസ് | ഒക്ടോബർ 19 | 10.00 am |
| 3. | സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | ഒക്ടോബർ 19 | 11.00 am |
| 4. | സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | ഒക്ടോബർ 19 | 11.00 am |
| 5. | ഹോളി ചൈൽഡ് ഹുഡ് | ഒക്ടോബർ 19 | 12.00 pm |
| 6. | ഫ്രാൻസിസ്കൻ അസോസിയേഷൻ | ഒക്ടോബർ 19 | 12.00 pm |
| 7. | കുടുംബകൂട്ടായ്മ | ഒക്ടോബർ 20 | 10.00 am |
| 8. | ചൈതന്യ ക്ലീനിക് | ഒക്ടോബർ 20 | 10.00 am |
| 9. | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | ഒക്ടോബർ 20 | 11.00 am |
| 10. | ഡാമിയൻ എസ്റ്റേറ്റ് | ഒക്ടോബർ 20 | 11.00 am |
| 11. | ഡാമിയൻ ജൂബിലി ശാന്തിഗ്രാം | ഒക്ടോബർ 20 | 12.00 pm |
| 12. | ജൂബിലി മിഷൻ ഹോസ്പിറ്റൽ | ഒക്ടോബർ 21 | 10.00 am |
| 13. | ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | ഒക്ടോബർ 21 | 10.00 am |
| 14. | ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | ഒക്ടോബർ 21 | 11.00 am |
| 15. | ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | ഒക്ടോബർ 21 | 11.00 am |
| 16. | കെ.സി.എസ്.എൽ | ഒക്ടോബർ 21 | 12.00 pm |
| 17. | മാതൃസംഘം | ഒക്ടോബർ 21 | 12.00 pm |
| 18. | ബൈബിൾ അപ്പസ്തോലേറ്റ് | ഒക്ടോബർ 22 | 10.00 am |
| 19. | തൊഴിൽ അഭ്യസന പീഠം | ഒക്ടോബർ 22 | 10.00 am |
| 20. | കെ.എൽ.എം, സാക്രിസ്റ്റ്യൻസ് | ഒക്ടോബർ 22 | 11.00 am |

| | | | |
|---|---|---|---|
| 21. | സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ | ഒക്ടോബർ 22 | 11.00 am |
| 22. | ഐ.ടി.ഐ അളഗപ്പനഗർ | ഒക്ടോബർ 22 | 11.00 am |
| 23. | സ്പിരിചൽ ആനിമേഷൻ സെന്റർ | ഒക്ടോബർ 22 | 12.00 pm |
| 24. | സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി | ഒക്ടോബർ 23 | 10.00 am |
| 25. | മേരി മാതാ മേജർ സെമിനാരി, മുളയം | ഒക്ടോബർ 23 | 10.00 am |
| 26. | ഹോം ഓഫ് ലൗ, മുളയം | ഒക്ടോബർ 23 | 11.00 am |
| 27. | മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | ഒക്ടോബർ 23 | 11.00 am |
| 28. | കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | ഒക്ടോബർ 23 | 12.00 pm |
| 29. | സെന്റ് മേരീസ് മൈനർ സെമിനാരി | ഒക്ടോബർ 23 | 12.00 pm |
| 30. | PAROC | ഒക്ടോബർ 23 | 12.00 pm |
| 31. | കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | ഒക്ടോബർ 27 | 10.00 am |
| 32. | കേറ്റിക്കിസം | ഒക്ടോബർ 27 | 10.00 am |
| 33. | കേറ്റിക്കിസം – ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | ഒക്ടോബർ 27 | 11.00 am |
| 34. | കേറ്റിക്കിസം ബുക്ക് സ്റ്റാൾ | ഒക്ടോബർ 27 | 11.00 am |
| 35. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | ഒക്ടോബർ 27 | 12.00 am |
| 36. | ഡി.ബി.സി.എൽ.സി. | ഒക്ടോബർ 27 | 12.00 am |
| 37. | ഡി.ബി.സി.എൽ.സി.ലൈബ്രറി അക്കൗണ്ട് | ഒക്ടോബർ 27 | 12.00 pm |
| 38. | കത്തോലിക്ക കോൺഗ്രസ് | ഒക്ടോബർ 28 | 10.00 am |
| 39. | കാത്തലിക് ഇൻഫർമേഷൻ സെന്റർ | ഒക്ടോബർ 28 | 10.00 am |
| 40. | കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | ഒക്ടോബർ 28 | 11.00 am |
| 41. | സി.എൽ.സി | ഒക്ടോബർ 28 | 11.00 am |
| 42. | അൾത്താര സംഘം | ഒക്ടോബർ 28 | 11.00 am |
| 43. | കെ.സി.വൈ.എം | ഒക്ടോബർ 28 | 12.00 pm |
| 44. | ലേ ലീഡർഷിപ്പ് | ഒക്ടോബർ 28 | 12.00 pm |
| 45. | ലിജീയൻ ഓഫ് മേരി | ഒക്ടോബർ 30 | 10.00 am |
| 46. | സോഷ്യൽ ആക്ഷൻ | ഒക്ടോബർ 30 | 10.00 am |
| 47. | സോഷ്യൽ വെൽഫെയർ സെന്റർ | ഒക്ടോബർ 30 | 11.00 am |
| 48. | സോഷ്യൽ ഹൗസിംഗ് സെന്റർ | ഒക്ടോബർ 30 | 11.00 am |
| 49. | സേവ് എ ഫാമിലി പ്ലാൻ | ഒക്ടോബർ 30 | 12.00 pm |
| 50. | സ്ലം സർവീസ് | ഒക്ടോബർ 30 | 12.00 pm |
| 51. | മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര | നവംബർ 2 | 10.00 am |
| 52. | റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര | നവംബർ 2 | 10.00 am |
| 53. | ഫാ. തച്ചുപറമ്പിൽ ട്രസ്റ്റ്, ചേലക്കര | നവംബർ 2 | 11.00 am |
| 54. | സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | നവംബർ 2 | 11.00 am |
| 55. | സെന്റ് ജോസഫ്സ് ഹോം, പുല്ലഴി | നവംബർ 2 | 11.00 am |

| | | |
|---|---|---|
| 56. സെന്റ് ജോസഫ് ഭവൻ, പുല്ലഴി | നവംബർ 2 | 12.00 pm |
| 57. ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | നവംബർ 2 | 12.00 pm |
| 58. ആബാ റിന്യൂവൽ സെന്റർ, രാമവർമ്മപുരം | നവംബർ 3 | 10.00 am |
| 59. നെസ്റ്റ്, രാമവർമ്മപുരം | നവംബർ 3 | 10.00 am |
| 60. സെന്റ് പോൾ ഗുരുകുലം, തിരുവില്വാമല | നവംബർ 3 | 11.00 am |
| 61. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ | നവംബർ 3 | 11.00 am |
| 62. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് &റിഹാബിലിറ്റേഷൻ സെന്റർ | നവംബർ 3 | 11.00 am |
| 63. പോപ്പ് ജോൺ പോൾ പീസ് ഹോം, പെരിങ്ങണ്ടിയൂർ | നവംബർ 3 | 12.00 pm |
| 64. ടിംഹാൻസ്, പെരിങ്ങണ്ടൂർ | നവംബർ 3 | 12.00 pm |
| 65. കലാസദൻ | നവംബർ 4 | 12.00 pm |
| 66. കാത്തലിക് നേഴ്സസ് ഗിൽഡ് | നവംബർ 4 | 10.00 am |
| 67. കാത്തലിക് സെന്റർ | നവംബർ 4 | 10.00 am |
| 68. പാസ്റ്ററൽ സെന്റർ | നവംബർ 4 | 11.00 am |
| 69. സാവിയോ ഹോം, മനക്കൊടി | നവംബർ 4 | 11.00 am |
| 70. പബ്ലിക് റിലേഷൻസ്&ഡയോമീഡിയ | നവംബർ 4 | 12.00 pm |
| 71. എക്സൽ അക്കാദമി | നവംബർ 4 | 12.00 pm |
| 72. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | നവംബർ 5 | 10.00 am |
| 73. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | നവംബർ 5 | 10.00 am |
| 74. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | നവംബർ 5 | 11.00 am |
| 75. ടി.ടി.ഐ., കുരിയച്ചിറ | നവംബർ 5 | 11.00 am |
| 76. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | നവംബർ 5 | 12.00 pm |
| 77. മദ്യവിരുദ്ധ സമിതി(ടെമ്പറൻസ് മൂവ്മെന്റ്) | നവംബർ 5 | 12.00 pm |
| 78. കരിസ്മാറ്റിക് മൂവ്മെന്റ് | നവംബർ 6 | 10.00 am |
| 79. ഹോളി ക്രോസ് സ.ബി.എസ്.ഇ. സ്കൂൾ ആർത്താറ്റ് | നവംബർ 6 | 10.00 am |
| 80. പഴുവിൽ ധ്യാനകേന്ദ്രം | നവംബർ 6 | 11.00 am |
| 81. ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി | നവംബർ 6 | 11.00 am |
| 82. സെന്റ് ജോർജ്ജ് ഹോസ്റ്റൽ | നവംബർ 6 | 11.00 am |
| 83. സെന്റ് തോമാസ് ഹോസ്റ്റൽ | നവംബർ 6 | 12.00 pm |
| 84. സെന്റ് തോമാസ് കോളേജ് | നവംബർ 9 | 10.00 am |
| 85. സെന്റ് തോമാസ് എജ്യുക്കേഷൻ സെന്റർ | നവംബർ 9 | 10.00 am |
| 86. പ്രീസ്റ്റ് വെൽഫയർ ഫണ്ട് | നവംബർ 9 | 10.00 am |

**2. ഇന്റേണൽ ഓഡിറ്റേഴ്സ് മീറ്റിംഗ് 27/07/2020**

ഇന്റേണൽ ഓഡിറ്റേഴ്സിന്റെ മീറ്റിംഗ് 27/7/2020 തിങ്കളാഴ്ച്ച വൈകീട്ട് 3.30 ന് ബിഷപ്പ്സ് ഹൗസിൽ വച്ച് കൂടുകയുണ്ടായി. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊക്യുറേറ്റർ ഫാ.വർഗീസ് കുത്തൂർ സ്വാഗതവും, ടി.കെ.അന്തോണികുട്ടി വിഷയാവതരണവും, അസി. പ്രൊക്യുറേറ്റർ ഫാ. ഡിറ്റോ കൂള നന്ദിയും പറഞ്ഞു. മാർ ആൻഡ്രൂസ് താഴത്ത് പങ്കെടുത്തവരുടെ സംശയങ്ങൾക്ക് മറുപടി നൽകി. കൂടാതെ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളും ചർച്ചചെയ്തു. മീറ്റിംഗ് പ്രാർത്ഥനയോടെ അവസാനിച്ചു.

**ഫാ. ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫൈനാൻസ് ഓഫീസർ

യോനാപ്രവാചകൻെറ അടയാളമല്ലാതെ,
മറ്റൊരടയാളവും അതിനു
നൽകപ്പെടുകയില്ല.
യോനാ മൂന്നു രാവും മൂന്നു പകലും
തിമിംഗലത്തിൻെറ ഉദരത്തിൽ
കിടന്നതുപോലെ മനുഷ്യപുത്രനും
മൂന്നു രാവും മൂന്നുപകലും
ഭൂമിക്കുള്ളിലായിരിക്കും.

മത്തായി 12:40



# BIRTHday FEASTday DEATH memories

## വൈദികർ

### ജന്മദിനങ്ങൾ

ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ 02
ഫാ. ആന്റോ എടക്കുളത്തൂർ 02
ഫാ. ആന്റോ രായപ്പൻ 02
ഫാ. ആന്റണി തോട്ടാൻ 05
ഫാ. ജെറിൻ അരിമ്പൂർ 06
ഫാ. ക്ലമന്റ് വാഴപറമ്പിൽ 06
ഫാ. ജിയോ തരകൻ 07
ഫാ. ആന്റണി കണ്ണമ്പുഴ 08
ഫാ. രാജു കൊക്കൻ 08
ഫാ. ഡെമിൻ തറയിൽ 08
ഫാ. പോളി നീലങ്കാവിൽ 08
ഫാ. ടെറിൻ മുള്ളക്കര 08
ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ 10
ഫാ. ഡേവിസ് ചിറമ്മൽ സീനിയർ 10
ഫാ. ഫ്രാൻസിസ് എടക്കളത്തൂർ 10
ഫാ. ഏബിൾ ചിറമ്മൽ 13
ഫാ. ജോൺ പോൾ തൈക്കാടൻ 18
ഫാ. ജിയോ കടവി 20
ഫാ. ആന്റണി ആലുക്ക 21
ഫാ. ബെസ്റ്റിൻ കാക്കശ്ശേരി 22
ഫാ. ആന്റോസ് എലുവത്തിങ്കൽ 22
ഫാ. ജിജോ മാളിയേക്കൽ 25
ഫാ. വർഗ്ഗീസ് എടക്കളത്തൂർ 27
ഫാ. ഫ്രാങ്കോ പുത്തിരി 27
ഫാ. റാഫേൽ വടക്കൻ 29
ഫാ. സൈജൻ വാഴപ്പിള്ളി 30

### നാമഹേതുകതിരുനാൾ

ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ 21
ഫാ. മാത്യു കുറ്റിക്കോട്ടയിൽ 21
ഫാ. മാത്യു ചാക്കേരി 21
ഫാ. മാത്യു വെട്ടത്ത് 21
ഫാ. മാത്യു പേരാമംഗലത്ത് 21
ഫാ. ലിജോ ചിറ്റിലപ്പിള്ളി 21
ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ 21
ഫാ. സുനിൽ ചിരിയങ്കണ്ടത്ത് 21
ഫാ. നൈസൻ ഏലന്താനത്ത് 21
ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ 27
ഫാ. വിൻസെന്റ് കുണ്ടുകുളം 27
ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി 27
ഫാ. വിൽസൺ കണ്ണനായ്ക്കൽ 27
ഫാ. വിൻസെന്റ് ചെറുവത്തൂർ 27
ഫാ. ലിന്റോ തട്ടിൽ 29

| | | | |
|---|---|---|---|
| ഫാ. സിജോ മുരിങ്ങാത്തേരി | 29 | ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. റാഫി തട്ടിൽ | 29 | ഫാ. സോളി തട്ടിൽ | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 | ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 29 | ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 29 | ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. ഫ്രജോ വാഴപ്പിള്ളി | 29 | ഫാ. ജോയ് മൂക്കൻ | 29 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 29 | ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 29 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ | 18–09–1915 |
| ഫാ. ദേവസ്സി ചിറമ്മൽ | 00–09–1938 |
| ഫാ. ജേക്കബ് അറയ്ക്കൽ സീനിയർ | 14–09–1946 |
| ഫാ. പോൾ വാഴപ്പിള്ളി | 17–09–1952 |
| ഫാ. സെബാസ്റ്റ്യൻ ബ്രഹ്മകുളം | 03–09–1960 |
| ഫാ. ആന്റണി കൊടിയൻ | 04–09–1960 |
| ഫാ. തോമസ് അടമ്പുകുളം | 14–09–1962 |
| ഫാ. ആന്റണി മാളിയേക്കൽ | 28–09–1968 |
| ഫാ. ജോസഫ് മഞ്ഞളി | 01–09–1969 |
| ഫാ. ജോൺ ചിറയത്ത് | 19–09–1970 |
| ഫാ. അബ്രഹാം മാമ്പിള്ളി | 02–09–1972 |
| ഫാ. ജോൺ പ്ലാശ്ശേരി | 11–09–1973 |
| ഫാ. ജേക്കബ് ചെമ്മണ്ണൂർ | 20–09–1977 |
| ഫാ. ജോൺ മാളിയേക്കൽ | 30–09–1978 |
| ഫാ. ജോൺ ചിറമ്മൽ | 06–09–1990 |
| ഫാ. ജോർജ്ജ് കൂനൻ | 09–09–1996 |
| ഫാ. അഗസ്റ്റിൻ തട്ടിൽ | 25–09–1996 |
| മോൺ. ആന്റണി മാളിയേക്കൽ | 03–09–2001 |
| ഫാ. ആന്റണി തോട്ടാൻ സീനിയർ | 29–09–2001 |
| ഫാ. ജോസഫ് മാളിയേക്കൽ | 11–09–2009 |
| ഫാ. ജേക്കബ് ഐനിക്കൽ | 19–09–2010 |
| ഫാ. അഗസ്റ്റിൻ അക്കര | 15–09–2012 |
| ഫാ. പോൾ മാറോക്കി | 10–09–2017 |
| ഫാ. സെബാസ്റ്റ്യൻ അറയ്ക്കൽ | 20–09–2019 |



## ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ – ജൂലായ് 2020**

1. **എഫ്.സി.സി.**
   കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ ജൂലായ് 1–ാം തീയതി ഗൂഗിൾ മീറ്റ് വഴി 10. am ന് നടത്തിയ HM conference-ൽ Aided, LP, UP, HS, HSS Headmistress, Principal എന്നിവരും, ഉച്ചകഴിഞ്ഞ് 2 pm ന് നടത്തിയ സുപ്പീരിയേഴ്സ് കോൺഫറൻസിൽ എല്ലാ ലോക്കൽ സുപ്പീരിയേഴ്സും തുടർന്ന് 3 മണിക്ക് നടത്തിയ മീറ്റിംഗിൽ ലോക്കൽ സുപ്പീരിയേഴ്സ്, ഫാം സൂപ്പർവൈസർമാർ എന്നിവരും സംബന്ധിച്ചു. ബഹു. നോർബർട്ടമ്മയുടെ ആറാം ചരമവാർഷികത്തോടനുബന്ധിച്ച് മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റ് ചാപ്പലിൽ വച്ച് ജൂലായ് 4–ാം തീയതി ഇടവക വികാരി ഫാ. സെബി പുത്തൂരിന്റെ നേതൃത്വത്തിൽ നടത്തിയ വിശുദ്ധബലിയിലും പ്രാർത്ഥനകളിലും പ്രൊവിൻഷ്യൽ കൗൺസിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. തുടർന്ന് നോബർട്ടമ്മയുടെ പുണ്യജീവിതത്തെ അടിസ്ഥാനമാക്കി സി. മരിയ പുഷ്പം എഴുതിയ 'പുഞ്ചിരിയുടെ മാലാഖ', ഇതിന്റെ ഇംഗ്ലീഷ് വിവർത്തനമായി സി. ഫോൺസി മരിയ എഴുതിയ 'The Angel of Smile', സി. ഉഷസ്സ് ആളൂർ എഴുതിയ 'സി. നോർബർട്ട് – ദിവ്യകാരുണ്യത്തിന്റെ പ്രേഷിത' എന്നീ മൂന്ന് പുസ്തകങ്ങളുടെ പ്രകാശനകർമ്മം ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി നിർവ്വഹിച്ചുകൊണ്ട് ആ ദിനം ലളിതമായ രീതിയിൽ ആചരിച്ചു. ക്ലാരപുരം നോവിഷ്യേറ്റ് ഭവനത്തിൽ വച്ച് ജനറലേറ്റിന്റെ നേതൃത്വത്തിൽ രണ്ടാംവർഷ നോവീസ്സസിനായി ജൂലൈ 6 മുതൽ ആഗസ്റ്റ് 18 വരെ നടത്തുന്ന സംയുക്ത ഫോർമേഷൻ പ്രോഗ്രാമിൽ രണ്ടാം വർഷ നോവിസസ് സംബന്ധിക്കുന്നു.
   ജൂലായ് 10–ന് ഗൂഗിൾ മീറ്റ് വഴി Aided & Unaided school non teaching staff, Unaided school headmistress, Parellel college principals, Public school principal എന്നിവർക്കും, ജൂലൈ 15–ാം തീയതി ഉച്ചയ്ക്ക് 3

മണിക്ക് ഫോർമേഷൻ സ്റ്റാഫിനും മീറ്റിംഗ് നടത്തി. FCC Health Fraternity യുടെ ഗൂഗിൾ മീറ്റിൽ ജറുസലേം റിട്രീറ്റ് സെന്ററിലെ ഫാ. റാഫേൽ കോക്കാട്ട് CMI ക്ലാസ്സെടുത്തു. വിദേശങ്ങളിൽ ആതുര ശുശ്രൂഷരംഗത്ത് സേവനം ചെയ്യുന്ന സിസ്റ്റേഴ്സിനും ഈ കൂട്ടായ്മ യിൽ പങ്കെടുക്കുവാൻ സാധിച്ചു. ജൂലായ് 18–ാം തീയതി കുട്ടംകുളം ആബ്ബാ കോൺവെന്റിൽ Come & See പ്രോഗ്രാമിലേയ്ക്ക് ഈ വർഷം 10 അർത്ഥിനികൾ വന്നു. ജൂലായ് 19,26 തീയതികളിലായി നെല്ലി ക്കുന്ന് അൽഫോൺസാ ഭവനിലും, ഡോൺബോസ്കോ കോൺവെന്റിലും സുവിശേഷവത്കരണ കമ്മിറ്റിയുടെ നേതൃത്വ ത്തിൽ ഉച്ചയ്ക്ക് 1.30 മുതൽ 5.30 വരെ സംരക്ഷണാഭിഷേക പ്രാർത്ഥന നടത്തി. ജൂലായ് 21–ന് തൃശൂർ അതിരൂപത സി.ആർ.ഐ യൂണിറ്റ് നടത്തിയ വെബിനാറിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് ബഹു. സി. ഫിലോ രശ്മി, ബഹു. സി. ഫോൺസി മരിയ എന്നി വരും വിവിധ ഭവനങ്ങളിൽ നിന്നായി 43 ലോക്കൽ സുപ്പീരിയേഴ്സും സംബന്ധിച്ചു.

നവമാധ്യമ സുവിശേഷവത്കരണത്തിന്റെ ഭാഗമായി ക്രിസ്തുസ ന്ദേശം ലോകമെങ്ങും എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ 'Assisi Voice' എന്ന പേരിൽ ആരംഭിക്കുന്ന ചാനലിന്റെ launching പ്രോവിൻസിന്റെ സ്ഥാപനദിനമായ ജൂലൈ 26–ന് അസ്സീസിയിൽ വച്ചു തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിക്കുകയും അതിരൂപത ചാൻസലർ ഫാ. ഡൊമിനിക് തലക്കോടൻ ആശംസകളർപ്പിക്കുകയും ചെയ്തു. കോവിഡ് 19–ന്റെ പശ്ചത്തലത്തിൽ ഭാരതത്തിൽ ആദ്യമായി 40 ദിവസം ലോക്ക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ പ്രോവിൻസിലെ എല്ലാ സഹോദരിമാരും കരുണക്കുവേണ്ടി പ്രാർത്ഥിച്ച് എഴുതി പൂർത്തി യാക്കിയ സമ്പൂർണ്ണബൈബിളിന്റെ കൈയ്യെഴുത്തുപ്രതി, 6 വാല്യ ങ്ങളായി ആമുഖ പേജുകളും ചിത്രങ്ങളും കൂട്ടി ചേർത്ത് ബൈന്റ് ചെയ്ത കോപ്പികളുടെ പ്രകാശനകർമ്മവും അഭിവന്ദ്യ പിതാവ് നിർവ്വ ഹിച്ചു. ജൂലായ് മാസത്തിൽ പ്രോവിൻസിലെ 10 ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി കാനോനിക സന്ദർശനം നടത്തി.

**2. എസ്.എ.ബി.എസ്.**

3–ാം തീയ്യതി പടവരാട് S.H ഭവനസമൂഹത്തിൽവച്ച് 7 പ്രീ പോസ്റ്റുലൻസിനെ തിരുമണിക്കൂറും പ്രത്യേക പ്രാർത്ഥനകളോടും കൂടെ മദർ സോഫി പെരേപ്പാടൻ പോസ്റ്റുലൻസിയിൽ പ്രവേശിപ്പി ക്കുകയും സി. ലിറ്റിൽ മരിയ തെക്കേക്കരയെ ഇവരുടെ ഉത്തരവാ ദിത്വം ഏൽപ്പിച്ച് പോസ്റ്റുലൻസ് ഡിറക്ട്രസ്സ് ആയി നിയമിക്കുകയും

ചെയ്തു. 3-ാം തീയ്യതി 6 പോസ്റ്റുലൻസ് എറണാകുളം പ്രോവിൻസിലെ തൃക്കാക്കര നോവിഷ്യറ്റ് ഹൗസിൽ കാനോനിക നോവിഷ്യറ്റിൽ പ്രവേശിച്ചു. II[nd] Year Novices നെന്മണിക്കര, മരോട്ടിച്ചാൽ, പടവരാട് എന്നിവിടങ്ങളിൽ റീജിയൻസി നടത്തി.

16,17,18 തിയ്യതികളിൽ എസ്.എ.ബി.എസ്. സമൂഹത്തിലെ 5000 സിസ്റ്റേഴ്സ് ഒരുമിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലിരുന്ന് കോവിഡ്-19 മഹാമാരി ലോകത്തിൽനിന്നും തുടച്ചുനീക്കപ്പെടാനും രോഗികൾ സൗഖ്യം പ്രാപിക്കാനുമായി 40 മണിക്കൂർ ആരാധന നടത്തി. തൃശ്ശൂർ നിർമ്മൽറാണി പ്രോവിൻസിലെ എല്ലാ ഭവനസമൂഹങ്ങളിലെയും സിസ്റ്റേഴ്സ് തീഷ്ണതയോടെ ആരാധനയിൽ പങ്കുചേർന്നു.

18 മുതൽ 22 വരെ Superior General Mother Grace Perumpanany നിർമ്മൽറാണി അഡോറേഷൻ പ്രൊവിൻസിൻഷ്യൽ ഹൗസിൽ ഔദ്യോഗിക സന്ദർശനം നടത്തി. 31-ാം തിയ്യതി Superiors Conference നടന്നു. കോവിഡ്-19 വ്യാപകമായ ഈ സാഹചര്യത്തിൽ Google Meet ലൂടെയാണ് നാട്ടിലും മിഷനിലും വിദേശത്തുമുള്ള Superiors എല്ലാവരും ഒത്തുചേർന്നത്.

3. **സി.എം.സി.**

3ന് വി.തോമാസ്ലീഹായുടെ തിരുനാൾ ദിനത്തിൽ പാലയൂർ തീർത്ഥാടന കേന്ദ്രത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ ആക്കി ഉയർത്തുന്നതിനോടനുബന്ധിച്ചുള്ള ദിവ്യബലിയിലും മറ്റ് പരിപാടികളിലും പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജയും കൗൺസിലർ സി.സ്റ്റെല്ല റോസും പങ്കെടുത്തു.

7 ന് തൃശ്ശൂർ സെന്റ് മേരീസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ബഹു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ google meet വഴി ഉദ്ഘാടനം ചെയ്തു. മന്ത്രിമാരായ ശ്രീ.സുനിൽ കുമാർ, ശ്രീ. K.T ജലീൽ, ശ്രീ. T.N പ്രതാപൻ എന്നിവരും, തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, പ്രൊവിൻഷ്യൽ സുപ്പീരിയറും കോളേജിന്റെ മാനേജരുമായ സി. അനിജ സി.എം.സി, കോളേജ് വിദ്യാഭ്യാസ കൗൺസിലർ സി. റിറ്റി സി.എം.സി., കോളേജ് പ്രിൻസിപ്പാൽ സി. മാർഗരറ്റ് മേരി, കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാർ ജോഷി C.L എന്നിവർ സംസാരിച്ചു.

14 ന് തൃശ്ശൂർ കാർമ്മൽ ശാന്തി ധാം കൗൺസിലിംഗ് സെന്ററിന്റെ സിൽവർ ജൂബിലി ഉദ്ഘാടനവേളയിൽ മഠം ചാപ്ലിയൻ ഫാ. ജോയ് മൂക്കൻ ദിവ്യബലി അർപ്പിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജയും കൗൺസിലർ സി.റിറ്റിയും പങ്കെടുത്തു.

നിർദ്ധനരും സ്വന്തമായി ഭൂമിയും ഇല്ലാത്ത 18 കുടുംബങ്ങൾക്ക് 4 സെന്റ് ഭൂമി വീതം സി.എം.സി തൃശ്ശൂർ നിർമ്മല പ്രോവിൻസ് നല്കി.

തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ, സോഷ്യൽ കൗൺസിലർ സി. ലേഖ എന്നിവർ സംസാരിച്ചു.

പരി.കർമ്മല മാതാവിന്റെ തിരുനാളിൽ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലി മധ്യേ സിസ്റ്റേഴ്സ് വ്രതനവീകരണം നടത്തി.

17ന് പ്രൊവിൻഷ്യൽ പ്ലാനിംഗ് ടീം ന്റെ സമ്മേളനം കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. എത്തിചേരാൻ സാധിക്കാത്തവർ google meet വഴിയാണ് ഇതിൽ സംബന്ധിച്ചത്. പ്രോവിൻസിന്റെ ഭാവി കാര്യങ്ങളെകുറിച്ച് കാര്യമായ ചർച്ചകൾ നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ സമ്മേളനത്തിന് നേതൃത്വം നല്കി.

ജൂബിലി മിഷൻ സി.എം.സി ക്വാട്ടേഴ്സ് തൃശ്ശൂർ, വിൻസെന്റ് ഡി പോൾ ഒല്ലൂർ, മരീന ഹോം & സെന്റ് ജോസഫ്സ് ചൂണ്ടൽ എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ കാനോനിക സന്ദർശനം നടത്തി.

## ആദരാഞ്ജലികൾ



**28/07/2020 : സി.എം.സി.** ചൂണ്ടൽ സെന്റ് ജോസഫ്സ് ഭവനാംഗമായ സി. റോസി ജോൺ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും ചൂണ്ടൽ മരീന ഹോം മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി



## നാമകരണനടപടികൾ

### ദൈവദാസൻ

# ആന്റണി തച്ചുപറമ്പിലച്ചൻ

കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾദിനം സെപ്തംബർ 14ന് തിരുസ്സഭ ആചരിക്കുമ്പോൾ ഈശോയുടെ സഹനങ്ങളെയും കുരിശിനെയും സ്നേഹിച്ചിരുന്ന തച്ചുപറമ്പിലച്ചന്റെ വാക്കുകൾ നമുക്ക് ശക്തി നൽകും. ദുഃഖവെള്ളിയാഴ്ച്ചകളിൽ തോളിൽ വലിയ ക്രൂശും, തലയിൽ മുൾമുടിയുമായി ചേലക്കരയുടെ വീഥികളിൽ കുരിശിന്റെ വഴിയുടെ ആരംഭത്തിൽത്തന്നെ അച്ചൻ നടന്നു നീങ്ങുമായിരുന്നു എന്ന് പഴമക്കാർ സാക്ഷ്യം നൽകുന്നു. ക്രൂശിതന്റെ ആത്മഗതമായാണ് പീഡാനുഭവചിന്തകളെ അച്ചൻ തന്റെ ധ്യാനക്കുറിപ്പുകളിൽ അവതരിപ്പിക്കുന്നത്. 33 വർഷം താൻ ജീവിച്ചു. പ്രയാസത്തിലും ക്ഷീണത്തിലും താനവരുടെ രോഗികളെ സുഖപ്പെടുത്തി. ദുഃഖിതരെ ആശ്വസിപ്പിച്ചു. അവരോട് രക്ഷയുടെ സുവിശേഷം പ്രസംഗിച്ചു. ഇതിന് പ്രതിനന്ദിയായി ഇതാ അവർതന്നെ ക്രൂശിക്കുന്നു. എന്നാൽ ഈശോ തന്റെ സ്നേഹത്തിന്റെ ആധിക്യം ഓർക്കുന്നു. തന്റെ സ്നേഹം ഉയരത്തിൽ ആകാശത്തോളവും വിസ്താരത്തിൽ ഭൂമിയുടെ നാലതിരുകൾവരെയും ആഴത്തിൽ നിത്യത്വംവരേയും വലുപ്പമുള്ള താണ്. ഈ സ്നേഹത്തിന് എന്ത് പ്രതിസ്നേഹം നാം കാണിക്കും എന്ന് അച്ചൻ നമ്മോട് ചോദിക്കുന്നു. ആകയാൽ നാമും എന്തു പരീക്ഷകളും കഷ്ടനഷ്ടങ്ങളും സഹിക്കുന്നതിന് ഒരുങ്ങുക തന്നെ. പരീക്ഷയിലും പ്രയാസഘട്ടങ്ങളിലും കുരിശിൽ നമുക്കായി കയറിയിരിക്കുന്നു. നമ്മുടെ രാജാവിനെ നോക്കി ധീരധീരം പോരാടി ജയിക്കാം. അച്ചൻ തുടർന്ന് എഴുതുന്നു. നിരവധി പ്രായ്ചിത്ത പ്രവൃത്തികൾ പാപികളുടെ മാനസാന്തരത്തിനായി അച്ചൻ കാഴ്ച്ചവെച്ചു. കുടിലിൽ താമസിച്ച് പലകകട്ടിലിൽ കിടന്ന് തീർത്തും ലളിതമായ ഭക്ഷണം കഴിച്ച് അച്ചൻ ജീവിച്ചു. മുള്ളരഞ്ഞാണവും ചമ്മട്ടിയുമൊക്കെ അച്ചൻ ഉപയോഗിച്ചത് ഈശോയുടെ സഹനങ്ങളിൽ പങ്കുകൊള്ളാനാണ്. ദിവസം മുഴുവൻ ഓടി നടന്ന് പാവങ്ങൾക്കായി അധ്വാനിച്ചു. ക്ഷയരോഗത്തിന്റെ അസ്വസ്ഥതകൾ വകവയ്ക്കാതെ ധീരമായി പോരാടി. ഈശോയുടെ കുരിശുകൾ ജീവിതത്തോട് ചേർത്തുവച്ച് നമ്മുടെ ജീവിതക്രൂശുകൾ വഹിക്കാൻ നമ്മുക്കേവർക്കും ജീവിതപാഠങ്ങൾ നൽകുന്നവനാണ് അന്തോണിയച്ചൻ.



## നാമകരണനടപടികൾ
## ധന്യൻ
## അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ

വിശുദ്ധർ തങ്ങളുടെ ജീവിതകാലത്ത് പല ശീർഷകങ്ങൾക്കും ഉടമകളായവരാണ്. പാവങ്ങളുടെ പിതാവ്, പാവങ്ങളുടെ അമ്മ, നല്ല പാപ്പ എന്നിങ്ങനെയെല്ലാമാണ് ആ അപദാനങ്ങൾ. ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനും ഉണ്ടായിരുന്നു ഇത്തരത്തിലുള്ള അപരനാമങ്ങൾ അതിലൊന്നാണ് അച്ചൻ തമ്പുരാൻ! പുരോഹിതന്റെ ആത്മീയ പിതൃത്വവും, ഭരണകർത്താവിന്റെ നീതിബോധവും സമന്വയിച്ച വ്യക്തിത്വം സ്വന്തമായുണ്ടായിരുന്നാൽ ഒരേ സമയം അച്ചനും തമ്പുരാനുമായി ആബാലവൃദ്ധം ജനങ്ങളുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുത്തു കുന്നംകുളത്തുകാരുടെ അച്ചൻ തമ്പുരാൻ.

മാനവസമൂഹങ്ങളുടെ ഭരണകർത്താക്കൾ ദൈവീകപരിപാലനയുടെ ശുശ്രൂഷകരായി വർത്തിക്കണം എന്ന തത്വം മനസിലാക്കി, സ്നേഹത്തിന്റെ വഴിയിലൂടെ നീതിനിർവഹണം നടത്തി ആത്മദാനത്തിന്റെ ജീവിതം കാഴ്ചവെയ്ക്കാൻ ഒരേ സമയം പുരോഹിതനും ചൊവ്വന്നൂർ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന ഊക്കനച്ചന് സാധിച്ചു. വിശക്കുന്നവർക്ക് ഭക്ഷണം നൽകിയും, രോഗികൾക്ക് ആരോഗ്യം നൽകിയും, അജ്ഞർക്ക് അറിവ് നൽകിയും, തന്റെ അയൽക്കാരനെ തന്റെ തന്നെ മറ്റൊരു സത്തയായി അദ്ദേഹം പരിഗണിച്ചു.

ഗ്രിഗറി നസിയാൻസെൻ പറയുന്നു: "പുരോഹിതൻ സത്യത്തിന്റെ സംരക്ഷകൻ, മാലാഖമാരൊത്തു നിൽക്കുന്നവൻ, ഉന്നതത്തിലെ അൾത്താരയിലേയ്ക്ക് ബലി ഉയർത്തുന്നവൻ". ഈ വരികളോട് അച്ചൻ തമ്പുരാൻ ഇങ്ങനെ കൂട്ടിച്ചേർത്തു: "പുരോഹിതാന്തസ്സ് – ക്രിസ്തുവിന്റേതുപോലുള്ള ശ്രേഷ്ഠത, ജനങ്ങളിൽ സ്വാധീനം, മാലാഖമാരുടെ ആഭിജാത്യം എഴുതിച്ചേർത്ത വരികൾ സ്വജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട് വർഗ്ഗ–വർണ–ലിംഗഭേദമെന്യേ ഏവർക്കും തമ്പുരാനായി അവർക്ക് വിശ്വാസത്തിന്റേയും സംസ്ക്കാരത്തിന്റേയും, സാഹോദര്യത്തിന്റേയും, സമൃദ്ധിയുടേയും സഹാനുഭാവം പകർന്നുകൊടുത്ത് ക്രിസ്തുവിന്റെ പരിമളമായി മാറി ഊക്കനച്ചൻ.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം

**1. യൂടൂബ് മിനിസ്ട്രി**

പാലയൂർ തീർത്ഥകേന്ദ്രത്തിലെ പബ്ലിക് റിലേഷൻ വിഭാഗത്തിന്റെ പാലയൂർ മഹാ ശ്ലീഹ യൂടൂബ് ചാനലിലൂടെ അനുദിന ദിവ്യബലികൾ, ആർച്ച് പ്രീസ്റ്റിന്റെ വാരാന്ത്യ സന്ദേശങ്ങൾ, മറ്റു തിരുകർമ്മങ്ങൾ എന്നിവ സംപ്രേക്ഷണം ചെയ്യുന്നു.

**2. മാർ തോമ ചൊവ്വാഴ്ചയാചരണം**

കോവിഡ് ലോക്ക് ഡൗൺ കാലത്ത് മുടങ്ങിപ്പോയ ചൊവ്വാഴ്ചയാചരണം ഓൺലൈനിൽ പുനരാരംഭിച്ചു. ചൊവ്വാഴ്ചകളിൽ രാവിലെ 10.30 മുതൽ 12 വരെ തീർത്ഥകേന്ദ്രത്തിൽ നിന്ന് ഫാ. സിന്റോ പൊന്തേക്കൻ നയിക്കുന്ന ചൊവ്വാഴ്ചയാചരണ തിരുകർമ്മങ്ങൾ പാലയൂർ മഹാ ശ്ലീഹ യൂടൂബ് ചാനലിൽ തത്സമയം സംപ്രേക്ഷണം ചെയ്യുന്നു.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
റെക്ടർ

**സി.കെ. ജോസ്**
പി.ആർ.ഒ.






# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ എത്രയും സ്നേഹം നിറഞ്ഞ കുഞ്ഞുമക്കളെ,

ഓൺലൈൻ ക്ലാസുകൾ തുടങ്ങിയിട്ട് മൂന്ന് മാസം കഴിഞ്ഞു. ആഘോഷങ്ങളില്ലാത്ത ഒരു ഓണക്കാലം കഴിഞ്ഞു. സ്കൂളിൽ പോയി പഠിക്കാനുള്ള നമ്മുടെ ആഗ്രഹം ഇപ്പോഴും ബാക്കി നിൽക്കുന്നു. കുട്ടൻ എന്ന് പറയുന്ന ഒരു കുട്ടിയുടെ കഥ നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പക്ഷേ ഇത് കഥയല്ല ജീവിതമാണ്.

കുട്ടൻ പാവപ്പെട്ട വീട്ടിലെ ഒരു കുട്ടിയായിരുന്നു. കൊടിയ ദാരിദ്ര്യമായിരുന്നു കുട്ടന്റെ വീട്ടൽ. എന്നാൽ പഠിക്കാൻ നല്ല ആഗ്രഹം. പക്ഷേ അതിനുള്ള സാഹചര്യം കുട്ടനില്ലായിരുന്നു. താമസിച്ചിരുന്നത് ഒരു ഓല വീട്ടിൽ ആയിരുന്നു. ഓലവീട് എന്ന് പറയാൻ പോലും സാധിക്കില്ല. കാരണം വർഷത്തിലൊരിക്കൽ ഓലമാറ്റി മേഞ്ഞാൽ മാത്രമേ അതിനെ ഓല വീട് എന്ന് വിളിക്കാൻ സാധിക്കൂ. അതിനു പോലും കഴിഞ്ഞിരുന്നില്ല. കുട്ടന് ബാബു എന്ന പേരുള്ള ഒരു കൂട്ടുകാരനുണ്ടായിരുന്നു. ബാബുവിന്റെ വീട് ടെറസ് വീടായിരുന്നു. ഒരിക്കൽ കുട്ടൻ ബാബുവിനോട് ചോദിച്ചു എന്നെ നിന്റെ ടെറസ് വീട്ടിൽ കൊണ്ടു പോകുമോ? ബാബു പറഞ്ഞു അച്ഛനും അമ്മയും ഇല്ലാത്ത ഒരു ദിവസം നിന്നെ ഞാൻ കൊണ്ടുപോകാം. അങ്ങനെ അച്ഛനും അമ്മയും ഇല്ലാത്ത ഒരു ദിവസം നോക്കി കുട്ടനെ ബാബു തന്റെ വീട്ടിൽ കൊണ്ടുപോയി. ആകാശം മുട്ടി നിൽക്കുന്ന ടെറസ് വീട്, മൃദുലമായ ഇരിപ്പിടങ്ങൾ, മഴവിൽ വർണ്ണങ്ങൾ ഉള്ള കർട്ടനുകൾ ഇതെല്ലാം കണ്ട് കുട്ടൻ അത്ഭുതപ്പെട്ടു. എല്ലാം കണ്ടു കഴിഞ്ഞ് വീടിന്റെ പുറത്തിറങ്ങിയപ്പോൾ ഇതാ കിടക്കുന്നു ബാബുവിന്റെ വീട്ടിലെ പട്ടി

കൂട്ടിൽ. പട്ടിക്കു കൊടുക്കുന്ന ഭക്ഷണം കുട്ടൻ നോക്കി നിന്നു. പിറ്റേ ദിവസം ക്ലാസ്സിൽ എത്തിയപ്പോൾ സ്കൂൾ സന്ദർശിക്കാൻ വന്ന എ.ഇ.ഒ കുട്ടികളോട് ചോദിച്ചു, കുട്ടികളെ നിങ്ങൾക്ക് വലുതാകുമ്പോൾ ആരാകണം? എല്ലാവരും പലവിധ ആഗ്രഹങ്ങൾ പറഞ്ഞു. ചിലർക്ക് ഡോക്ടറാകണം, ചിലർക്ക് എൻജിനീയറാകണം, മറ്റു ചിലർക്ക് ടീച്ചറാകണം. എന്നാൽ കുട്ടൻ പറഞ്ഞു: എനിക്ക് ബാബുവിന്റെ വീട്ടിലെ പട്ടിയായാൽ മതി. ഉത്തരം കേട്ട് എല്ലാവരും ഞെട്ടി. എ.ഇ.ഒ. സ്ഥിതിഗതികൾ അന്വേഷിച്ചറിഞ്ഞു. പഠിക്കാൻ ഉള്ള എല്ലാ സാഹചര്യങ്ങളും ഒരുക്കി കൊടുത്തു. അങ്ങനെ കുട്ടൻ നന്നായി പഠിക്കാൻ തുടങ്ങി. എട്ടാം ക്ലാസിലെ 8–ാം റാങ്ക്, ഒമ്പതാംക്ലാസിൽ 4–ാം റാങ്ക് തുടർന്ന് ഉയർന്ന മാർക്കോടെ പത്താം ക്ലാസ് വിജയിച്ചു. സ്കോളർഷിപ്പോടുകൂടി ഡൽഹിയിലും പിന്നീട് ലണ്ടനിലും പഠിച്ചു. വിദേശത്ത് പഠനം കഴിഞ്ഞ് തിരിച്ചു വരുന്ന സമയത്ത് സായിപ്പ് കുട്ടന്റെ കയ്യിൽ അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന് കൊടുക്കാൻ ഒരു കത്ത് കൊടുത്തു വിട്ടു. കത്തിൽ ഇപ്രകാരം എഴുതിയിരുന്നു: ഇവനെ പിടിച്ച് നിങ്ങളുടെ രാജ്യത്തെ ഏതെങ്കിലും ഒരു കോളേജിലെ അധ്യാപകനാക്കി കളയരുത്. ഇവൻ നിങ്ങളുടെ രാജ്യത്തെ തന്നെ പഠിപ്പിക്കാൻ കൊള്ളാം. കുട്ടൻ നാട്ടിൽ വന്ന് ഒരു കോളേജിൽ അധ്യാപകനായി ജോലി തുടങ്ങി. ഒരു വർഷം കഴിഞ്ഞപ്പോൾ നെഹ്റു കുട്ടനെ വിളിപ്പിച്ചു വീണ്ടും വിദേശത്ത് വിട്ട് ഈ നാടിനെ കുറിച്ച് പഠിപ്പിക്കാൻ പറഞ്ഞയച്ചു. വിദേശത്തുനിന്ന് തിരിച്ചുവന്നപ്പോൾ തെരഞ്ഞെടുപ്പിൽ മത്സരിപ്പിച്ചു. കുട്ടൻ അങ്ങനെ എം.പി യായി. പിന്നീട് സഹമന്ത്രിയായി. ഒരു പ്രഭാതത്തിൽ പത്രത്തിൽ ഒരു പ്രധാനപ്പെട്ട വാർത്ത വന്നു. ബാബുവിന്റെ വീട്ടിലെ പട്ടി ആകാൻ ആഗ്രഹിച്ച കുട്ടൻ ലോകത്തിലെതന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ രാഷ്ട്രപതിയായി സത്യപ്രതിജ്ഞ ചെയ്തു. ആ കുട്ടനെ ലോകം വിളിച്ചു കെ. ആർ. നാരയണൻ.

പ്രതികൂല സാഹചര്യങ്ങൾ ജീവിതത്തെ പുറകോട്ടു വലിക്കുകയല്ല മുന്നോട്ടു ചലിപ്പിക്കുകയാണ് വേണ്ടത്. ലോകം ഇന്ന് പ്രതികൂല സാഹചര്യത്തിലാണ്. കുട്ടികളായി നിങ്ങളും ഇന്ന് പ്രതികൂല സാഹചര്യത്തിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. സ്കൂളിൽ പോയി പഠിക്കാൻ പറ്റാത്ത സാഹചര്യം. ഓൺലൈൻ ക്ലാസുകൾ. പലരുടെയും മാതാപിതാക്കൾക്ക് ജോലി നഷ്ടപ്പെട്ട് വീട്ടിൽ സാമ്പത്തികമായ ബുദ്ധിമുട്ടുകൾ. നമ്മുടെ ചുറ്റുമുള്ള ഒരുപാടുപേർ രോഗികളായി തീരുന്ന അവസ്ഥ. പക്ഷേ ഈ പ്രതികൂല സാഹചര്യങ്ങളിൽ ജീവിത ലക്ഷ്യത്തിൽ നിന്ന് നാം ഒരിക്കലും

പുറകോട്ട് പോകരുതെന്ന് കുട്ടന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. നമ്മളൊക്കെ എത്ര പരാതികൾ പറയുന്നവരാണ്. നമ്മുടെ മാതാപിതാക്കളെകുറിച്ച്, അവർ നമുക്ക് ഒരുക്കി തരുന്ന അവസരങ്ങളെകുറിച്ച്, നമ്മുടെ അധ്യാപകരെക്കുറിച്ച്, സ്കൂളിനെക്കുറിച്ച്, ഇപ്പോൾ ഇതാ ഓൺലൈൻ ക്ലാസുകളെകുറിച്ച്. അങ്ങനെ തുടങ്ങി പലതിനെയും കുറിച്ച് നമുക്ക് പരാതികളാണ്. കുട്ടനേക്കാൾ മികച്ച ജീവിത സാഹചര്യങ്ങളും അവസരങ്ങളും ദൈവം നമുക്കായി ഒരുക്കി തന്നിട്ടുണ്ട്. ഈ അവസരങ്ങൾ തന്ന ദൈവത്തിന് നന്ദി പറഞ്ഞ് കൊണ്ട് നമ്മുടെ ജീവിത ലക്ഷ്യത്തിലേക്ക് നമുക്ക് മുന്നേറാം.

പഴയനിയമത്തിൽ സാമുവലിന്റെ ഒന്നാം പുസ്തകം പതിനേഴാം അധ്യായത്തിൽ ഗോലിയാത്തിനെ നേരിടുന്ന ബാലനായ ദാവീദിനെ പറ്റി നാം വായിക്കുന്നുണ്ട്. ദാവീദ് കേവലം ബാലനായിരുന്നു. ആടുകളെ മെയിച്ചുനടന്നിരുന്ന ഒരു പയ്യൻ. ഗോലിയാത്തിനെ നേരിടാൻ താൻ തയ്യാറാണെന്ന് അറിയിച്ചപ്പോൾ അതിൽനിന്നും ദാവീദിനെ പിന്തിരിപ്പിക്കാൻ സഹോദരന്മാരും സാവൂൾ രാജാവും ശ്രമിക്കുന്നുണ്ട്. എന്നാൽ ദാവീദ് പിന്മാറാതെ ഗോലിയാത്തിനെ നേരിട്ടു. ഇസ്രായേലിലെ ഏറ്റവും വലിയ രാജാവായി ദാവീദ് മാറി. നമ്മുടെ ജീവിതലക്ഷ്യത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ഒരുപാട് പ്രലോഭനങ്ങൾ ഉണ്ടായേക്കാം. തെറ്റായ സുഹൃത്ത് ബന്ധങ്ങൾ, കുട്ടികളായിരിക്കുന്ന ഈ പ്രായത്തിൽ ചിലരോട് തോന്നുന്ന ഇഷ്ടം, ലഹരിവസ്തുക്കളുടെ ഉപയോഗം, മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും അമിതവും അനാവശ്യവുമായ ഉപയോഗം തുടങ്ങിയവയെല്ലാം ലക്ഷ്യത്തിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കുന്നതാണെന്ന് തിരിച്ചറിയണം. അവയിൽ നിന്ന് അകന്നു നിൽക്കാൻ ശ്രമിക്കണം. തിന്മകളുടെ ഇത്തരം സാഹചര്യങ്ങളെ ഒഴിവാക്കണം. മാതാപിതാക്കളുടെയും വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അധ്യാപകരുടെയും ഉപദേശങ്ങൾ കേൾക്കണം. ഈശോയോട് നന്നായി പ്രാർത്ഥിക്കണം. ഈശോയുടെ പ്രത്യേകം പറഞ്ഞു പ്രാർത്ഥിക്കാൻ ഞാൻ നിങ്ങൾക്ക് ഒരു വചനം പറഞ്ഞു തരാം. ലൂക്കാ 2:52 "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു". ഈ വചനത്തിന്റെ അഭിഷേകം എന്നിൽ വന്നു നിറയണമേ എന്ന് തുടർച്ചയായി എല്ലാദിവസവും പ്രാർത്ഥിച്ചു കൊണ്ടിരിക്കണം. 4 തരത്തിലുള്ള വളർച്ചയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. 1. പ്രായത്തിലുള്ള വളർച്ച 2. ജ്ഞാനത്തിലുള്ള വളർച്ച 3. ദൈവപ്രീതിയിലുള്ള വളർച്ച 4. മനുഷ്യപ്രീതിയിലുള്ള വളർച്ച.

സെപ്റ്റംബർ 8 പരിശുദ്ധ അമ്മയുടെ ജനനതിരുനാളാണ്. ഈ ജനന തിരുനാളിൽ പരിശുദ്ധ അമ്മയ്ക്ക് നമ്മുക്കൊരു ബർത്ത്ഡേ സമ്മാനം നൽകാം. നൽകുന്ന സമ്മാനം ഇതാണ് 1 സ്വർഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയമേ, 1 ത്രിത്വ സ്തുതി, 1 പരിശുദ്ധരാജ്ഞി, 1 എത്രയും ദയയുള്ള മാതാവേ എന്നീ പ്രാർഥനകൾ ചൊല്ലി സമ്മാനമായി മാതാവിന് നൽകണം. സമ്മാനം നമ്മൾ നൽകുമ്പോൾ മാതാവിനോട് കൊറോണ രോഗമുക്തിക്കായി ലോകം മുഴുവനും വേണ്ടി മാദ്ധ്യസ്ഥം വഹിക്കാൻ ആവശ്യപ്പെടണം. നിങ്ങൾക്ക് എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹത്തോടെ
നിങ്ങളുടെ വത്സല പിതാവ്



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

കാലാവസ്ഥാകെടുതികളും കൊറോണവൈറസും, നമ്മുടെ ജീവിതത്തിന്റെ പദ്ധതികളെല്ലാം തകിടം മറിച്ചുകൊണ്ട് ജീവിതാനുഭവങ്ങളുടെ മധ്യേ കടന്നുപോയ്കൊണ്ടിരിക്കുന്നു. ഇതിനിടയിൽ ദൈവേഷ്ടം മാത്രം നിറവേറ്റാൻ ജീവിച്ച പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ ആഗതമാകുകയാണ്. കൃപനിറഞ്ഞവളും കർത്താവു കൂടെയുണ്ടായിരുന്നവളുമായ അവൾ കടുത്ത ജീവിതസഹനങ്ങളിലൂടെ കടന്നുപോയി. പക്ഷേ, ആ യാത്ര പരാജയങ്ങളുടെ പാതാളങ്ങളിലേക്കായിരുന്നില്ല. ഈശോയോടൊപ്പമുള്ള സ്വർഗ്ഗീയ മഹത്വത്തിലേക്കാണ്. "സകല തലമുറകളും അനുഗൃഹീത എന്നു വിളിക്കുന്ന" ജന്മം! സ്വർഗ്ഗീയ മഹത്വത്തെ ലക്ഷ്യം വച്ച് മുന്നേറി നമ്മുടെയും ജന്മത്തെ സഫല മാക്കാൻ പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ പ്രചോദനം നൽകട്ടെ. ഈശോയെ കൂടുതൽ അടുത്തറിയാനും അനുഭവിക്കാനും ഈ കാലഘട്ടം നമ്മെ സഹായിക്കട്ടെ. ഈ പ്രതിസന്ധികൾക്കിടയിലാണ് അർദ്ധവാർഷിക പരീക്ഷകൾ അടുത്തമാസം വരുന്നത്. എങ്കിലും, ഈശോയെ കൂടുതലായി അറിയാൻ കുട്ടികൾ പഠനത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ പ്രതിസന്ധികളെ മറികടക്കാൻ അധ്യാപകരും മാതാപിതാക്കളും അവരെ പ്രോത്സാഹിപ്പിക്കണം.

1. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഈ അധ്യയനവർഷത്തിൽ (2020–21) നടത്താനിരുന്ന യൂണിറ്റ് വിസിറ്റ്, Advanced CTC, സെപ്റ്റംബർ മാസത്തിൽ നടത്താനിരുന്ന Basic CTC, കോണ്ടാക്ട് ക്ലാസ്സ്, റിസോഴ്സ് പേഴ്സൺ & ആനിമേഷൻ കോഴ്സ് എന്നിവ ഉണ്ടായിരിക്കുന്നതല്ല എന്ന് അറിയിക്കുന്നു.
2. **പ്രിൻസിപ്പൽമാരുടെ കോൺഫ്രൻസ്**
   സെപ്റ്റംബർ 20, 27 തിയതികളിലായി ഡിബിസിഎൽസി യിൽ വെച്ച് നടത്തുന്നു. ഓരോ ഫൊറോനയ്ക്കുള്ള സമയവും തിയതിയും താഴെ കൊടുക്കുന്നു.
   **സെപ്റ്റംബർ 20 – ഞായർ, സമയം 10 AM - 12 PM**
   ചേലക്കര, എരുമപ്പെട്ടി, കണ്ടശ്ശാംകടവ്, തൃശ്ശൂർ ഡോളേഴ്സ്
   **സെപ്റ്റംബർ 20 – ഞായർ, സമയം 2 PM - 4 PM**
   മറ്റം, ഒല്ലൂർ, പാലയൂർ, പറപ്പൂർ
   **സെപ്റ്റംബർ 27 – ഞായർ, സമയം 10 AM - 12 PM**
   പട്ടിക്കാട്, പഴുവിൽ, തൃശ്ശൂർ ലൂർദ്ദ്, പുത്തൂർ
   **സെപ്റ്റംബർ 27 – ഞായർ, സമയം 2 PM - 4 PM**
   പുതുക്കാട്, വേലൂർ, വടക്കാഞ്ചേരി, കൊട്ടേക്കാട്
   അന്നേ ദിവസം ഇവിടെ കുർബാന ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രാതിനിധ്യം ഇല്ലാതെ വരരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.
3. **അർദ്ധവാർഷിക പരീക്ഷകൾ - ഞായർ വിശ്വാസപരിശീലനം**
   ഇടവക തലത്തിൽ എഴുത്തുപരീക്ഷകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. ചോദ്യപേപ്പർ സാധാരണരീതിയിൽ തന്നെയായിരിക്കും. വിശ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.
   വിശ്വാസപരിശീലകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. വിശ്വാസപരിശീലന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക–വാർഷിക പരീക്ഷകൾക്ക് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും നൽകുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ ഉത്തരസൂചിക വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിശ്വാസപരിശീലനവിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്.

4. **മാർക്ക് എൻട്രിയും ഹാജരും**

അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ട അവസാന തിയ്യതി **നവംബർ 11** ആണ്. അതോടൊപ്പം തന്നെ എല്ലാ ക്ലാസ്സുകളിലെയും **നവംബർ 8** ഉൾപ്പെടെയുള്ള ഹാജരുകളും സോഫ്റ്റ് വെയറിൽ ചെയ്യേണ്ട അവസാന തിയതി നവംബർ 11 ആണ്. നവംബർ 11നു ശേഷം നവംബർ 8 വരെയുള്ള ഹാജർ ചെയ്യാൻ സാധിക്കുന്നതല്ല. എല്ലാ യൂണിറ്റുകളും ഇത് പ്രത്യേകം ശ്രദ്ധിക്കുകയും ഹാജരും മാർക്ക് എൻട്രിയും ചെയ്യേണ്ടതുമാണ്. ചെയ്യാത്തവർക്ക് വേറെ ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.

5. **ഞായർ വിശ്വാസപരിശീലനം: Re-Examination & Examination for Absentees**

വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84–85 കാണുക.

6. **സോഫ്റ്റ് വെയറും പരീക്ഷകളും**

വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട വിവിധകാര്യങ്ങൾ ക്രമീകരിക്കുന്നത് യൂണിറ്റുകൾ സോഫ്റ്റ് വെയറിൽ കൊടുത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനാൽ യൂണിറ്റുകളിൽ നിന്നുള്ള ഡാറ്റ എപ്പോഴും കൃത്യമാക്കണം. അർദ്ധവാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പറുകൾ യൂണിറ്റുകൾക്ക് നൽകുന്നതിനുള്ള എണ്ണം കണക്കാക്കുന്നത് 'Student Summary' യിൽ നിന്നുമാണ്. അതനുസരിച്ചുള്ള എണ്ണം ചോദ്യപേപ്പർ ആണ് യൂണിറ്റുകളിലേക്ക് നൽകുന്നത്. സെപ്റ്റംബർ 1 നു ശേഷം 'Student Summary' യിൽ വരുത്തുന്ന മാറ്റങ്ങൾ യൂണിറ്റിലേക്കു തരുന്ന ചോദ്യപേപ്പറിന്റെ എണ്ണത്തിൽ ഉണ്ടായിരിക്കുകയില്ല. ആയതിനാൽ വിദ്യാർത്ഥികളുടെ എണ്ണം കൃത്യമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക.

7. **സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള ഒരുക്കം**

4 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ നിന്നും അർദ്ധവാർഷിക പരീക്ഷക്ക് 80 ശതമാനമോ (40 ൽ 32 മാർക്ക്) അതിൽ കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികളുടെ ഉത്തരകടലാസ്സുകൾ വിദ്യാർത്ഥികളുടെ ലിസ്റ്റ് സഹിതം കവറിലാക്കി വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്. കൂടാതെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് നിർദ്ദേശിക്കുന്ന വിദ്യാർത്ഥികളുടെ പ്രിലിമിനറി രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിൽ ചെയ്യുകയും ചെയ്യേണ്ടതാണ്. അവസാന തിയ്യതി നവംബർ 11 ആണ്. അതിനുശേഷം വരുന്ന ഉത്തരകടലാസ്സുകൾ സ്വീകരിക്കുന്നതല്ല.

**8. Std. XII വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം **Std. XII** ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ **(150 x 200 pix)** ആണ് അപ്‌ലോഡ് ചെയ്യേണ്ടത്).

**9. പ്രോഗ്രസ്സ് റിപ്പോർട്ട്**

കുട്ടികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ഫോമുകൾ ഡി. ബി. സി. എൽ. സി. യിലെ റിലീജിയസ് സ്റ്റാളിൽ നിന്നും വാങ്ങാവുന്നതാണ്.

**10. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2020**

അധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷ യൂണിറ്റ് തലം

2020 ഒക്ടോബർ 25 ഞായർ – **03.00 PM - 04.30PM**

**NB:** പഠനത്തിനുള്ള പുസ്തകം ***വിശ്വാസവഴിയിലെ സംശയങ്ങൾ*** ചോദ്യോത്തരരൂപത്തിലുള്ളതാകയാൽ വേറെ മാതൃകാ ചോദ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതല്ല. താഴെപ്പറയുന്ന തരത്തിലുള്ള ചോദ്യങ്ങളുണ്ടായിരിക്കും.

1. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക
2. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക
3. അരപേജിൽ കവിയാതെ ഉത്തരമെഴുതുക
4. ഒരുപേജിൽ കവിയാതെ ഉത്തരമെഴുതുക

ഈ വർഷത്തെ (2020)പാഠ്യഭാഗം: **പേജ് 116 – 202**

ഭാഗം 5 നിത്യരക്ഷയും ക്രിസ്തീയ ജീവിതവും

ഭാഗം 6 കൂദാശകളും ആചാരാനുഷ്ഠാനങ്ങളും

**11. സ്കൂൾ വേദോപദേശം & സന്മാർഗ്ഗശാസ്ത്രം അർദ്ധവാർഷിക പരീക്ഷകൾ**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്ത സാഹചര്യം ആയതുകൊണ്ട് ഈ അധ്യയനവർഷത്തെ (2020–21) അർദ്ധവാർഷിക പരീക്ഷകൾ നടത്തുന്നില്ലെന്ന വിവരം അറിയിക്കുന്നു.

സസ്നേഹം,

**ഫാ. റോയ്സൺ കൊള്ളന്നൂർ**
**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. അദ്ധ്യായനവർഷം : ഉദ്ഘാടനം**

ദൈവശാസ്ത്രവിദ്യാപീഠത്തിന്റെ പുതിയ അദ്ധ്യായനവർഷം ആഗസ്ററ് 2ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരിതെളിയിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. ഡയറക്ടർ റവ ഡോ ഫ്രാൻസിസ് ആളൂർ അദ്ധ്യക്ഷത വഹിച്ചു. റവ ഡോ ബിൽജു വാഴപ്പിള്ളി ആശംസകളർപ്പിച്ചു.

**2. B.A. in Theology and Religious Studies:**

B.A തിയോളജികോഴ്സിന്റെ പുതിയ ബാച്ച് ആഗസ്ററ് 2–ാം തിയ്യതി ആരംഭിച്ചു. പുതിയതായി ചേർന്ന എല്ലാവർക്കും തിയോളജി ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ പ്രത്യേക അഭിനന്ദനങ്ങൾ. ലോകോത്തരനിലവാരമുള്ള കാത്തലിക് യൂണിവേഴ്സിററി ഓഫ് ലുവെയ്ൻ, ബെൽജിയം അംഗീകാരമുള്ള കോഴ്സാണിത്. ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് DBCLC-bnse Institute of Theology Office മായി ബന്ധപ്പെടുക.

**3. Diploma Theology Course: അദ്ധ്യായനവർഷം ഉദ്ഘാടനം**

Diploma തിയോളജി കോഴ്സിന്റെ പുതിയ ബാച്ച് ആഗസ്റ്റ് 9–ാം തിയ്യതി ആരംഭിച്ചു. പുതിയതായി ചേർന്ന എല്ലാവർക്കും തിയോളജി ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ പ്രത്യേക അഭിനന്ദനങ്ങൾ.

കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ചെയർ ഫോർ ക്രിസ്റ്റ്യൻ സ്ററഡീസിന്റെ അംഗീകാരമുള്ള കോഴ്സാണിത്. മാസത്തിലെ രണ്ട്, നാല് ഞായറാഴ്ചകളിൽ 2 PM മുതൽ 5.30PM വരെയായിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ DBCLC-bnse Institute of

Theology Officeമായി ബന്ധപ്പെടുക.
തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ സെപ്റ്റംബർ 13, സെപ്റ്റംബർ 27 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5.30 PM വരെയായിരിക്കും.

4. **Six Month Theology Course:**
സന്യാസിനികൾക്കായി 6 Months regular Theology Course, affiliated to Chair for Christian Studies and Research of Calicut University അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ




# മേരിമാത സെമിനാരി

1. **വിശുദ്ധ അൽഫോൺസമ്മയുടെ തിരുനാൾ**
ജൂലൈ 28-ാം തിയ്യതി വിശുദ്ധ അൽഫോൺസമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ബഹു. പോൾ പുളിക്കനച്ചൻ ദിവ്യബലി അർപ്പിച്ചു. വിശുദ്ധ അൽഫോൺസമ്മയുടെ ജീവിതാദർശങ്ങളോട് ബന്ധപ്പെടുത്തി അദ്ദേഹം നൽകിയ സുവിശേഷസന്ദേശം ഹൃദയസ്പർശിയായിരുന്നു.

2. **സ്റ്റാഫ് പ്രാർത്ഥനാദിനം**
സെമിനാരിയിലെ റസിഡന്റ് സ്റ്റാഫംഗങ്ങൾ ജൂലൈ 30-ാം തിയ്യതി പ്രാർത്ഥനാദിനമായി ആചരിച്ചു. CMI ദേവമാത പ്രവിശ്യയുടെ വികാർ പ്രൊവിൻഷ്യൽ ബഹു. ഡേവിസ് പനയ്ക്കലച്ചൻ അനുയോജ്യമായ വചനസന്ദേശം നൽകി.

3. **വിയാനി ഡേ**
കൊറോണ കാലഘട്ടമായതിനാൽ ആത്മീയാനുഷ്ഠാനങ്ങൾ മാത്രമായി ഇക്കൊല്ലത്തെ വിയാനി ഡേ ആചരിച്ചു. ആഗസ്റ്റ് 3-ാം തിയ്യതിയിലെ വേസ്പരയ്ക്ക് ബഹു. ജിക്സൺ താഴത്തച്ചൻ

കാർമ്മികത്വം വഹിച്ചു. തദവസരത്തിൽ ബഹു. ഫാ. മൈക്കിൾ കാരിമറ്റം സന്ദേശം നൽകി. ആഗസ്റ്റ് 4–ാം തിയ്യതി മുളയം ഇടവക വികാരി ബഹു. ആന്റണി കുരുതുകുളങ്ങരയച്ചൻ ആഘോഷമായ ദിവ്യബലി അർപ്പിച്ചു. ബഹു. ഡീക്കൻ ചാൾസ് ചിറമ്മേൽ തിരുവചനസന്ദേശം നൽകി.

4. **മാസധ്യാനം**

ആഗസ്റ്റ് 7, 8 തിയ്യതികളിലായിരുന്നു കഴിഞ്ഞ തവണയിലെ മാസധ്യാനം. തലോർ ജെറുസലേം ധ്യാനകേന്ദ്രത്തിലെ റവ. ഫാ. റിജോ പയ്യപ്പിള്ളി CMI നൽകിയ ധ്യാനചിന്തകൾ ഇന്റർനെറ്റിലൂടെ വൈദികവിദ്യാർത്ഥികൾക്കായി പ്രക്ഷേപണം ചെയ്തു.

5. **സ്വർഗ്ഗാരോപണതിരുന്നാളും സ്വാതന്ത്ര്യദിനാഘോഷവും**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുന്നാളും ഇന്ത്യയുടെ 74–ാം സ്വാതന്ത്ര്യദിനവും ആഗസ്റ്റ് 15–ാം തിയ്യതി സമുചിതമായി ആചരിച്ചു. ബഹു. ഫ്രീജോ പാറയ്ക്കലച്ചൻ കാർമ്മികത്വം വഹിച്ച വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ഭാരതത്തിന്റെ ദേശീയ പതാക ഉയർത്തി മാതൃരാജ്യത്തോടുള്ള സ്നേഹവും ആദരവും സെമിനാരികുടുംബം പ്രകടിപ്പിച്ചു.

6. **അഭിനന്ദനങ്ങൾ**

അക്കാദമിക ലോകത്തിന് പ്രസിദ്ധീകരണങ്ങളിലൂടെ സംഭാവന നല്കിയ സ്റ്റാഫംഗങ്ങളായ റവ. ഡോ. മൈക്കിൾ കാരിമറ്റം (പ്രവാചകശിഷ്യത്വം – എഡിറ്റർ), റവ. ഡോ. ചാക്കോ നടക്കേവേലിയിൽ (Mahatma Gandhi Today: Rediscovering the Gandhian Vision in Contemporary India - Editor), റവ. ഡോ. ബിൽജു വാഴപ്പിള്ളി (Encounter: A Journal of Interdisciplinary Reflections of Faith and Life - Editor) എന്നിവർക്ക് സെമിനാരികുടുംബത്തിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

7. **ബേഴ്സ് സ്ഥാപിച്ചവർ**

**Wellwisher Membership**

1. ശ്രീ. ടി. എൽ. സണ്ണി, തയ്യാലക്കൽ ഹൗസ്, പുതുക്കാട്, തൃശൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

1. **ദീപിക ഫാമിലി ഹെൽത്ത് കാർഡ് സേവനം**

   കോവിഡ് 19 കാലത്ത് സാധാരണക്കാർക്ക് ആശ്വാസമാകുന്ന ദീപിക ഫാമിലി ഹെൽത്ത് കാർഡിന്റെ ആനുകൂല്യം ഓഗസ്റ്റ് 15-ാം തിയതി മുതൽ തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ലഭ്യമാക്കിയിരിക്കുന്നു. ദീപികയുടെ എല്ലാ വരിക്കാർക്കും ഈ പദ്ധതിയിൽ സൗജന്യ അംഗത്വം ലഭിക്കും. വരിക്കാരനും അഞ്ച് കുടുംബാംഗങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്. ആശുപത്രിയിൽ അഡ്മിറ്റാകുന്ന വ്യക്തികൾക്ക് മരുന്നിനും, കൺസ്യൂമബിൾസിനും ഇംപ്ലാന്റിനുമൊഴികെ എല്ലാ ആശുപത്രി ചിലവുകൾക്കും പത്ത് ശതമാനം കിഴിവ് ലഭിക്കും. ഒരു വർഷമായിരിക്കും കാർഡിന്റെ കാലാവധി. ദീപിക വരിക്കാരായി തുടരുന്നവർക്ക് കാർഡ് പുതുക്കിനൽകുന്നതായിരിക്കും. കൊറോണ കാലത്ത് രോഗികളുടെ സൗകര്യാർത്ഥം, രോഗികളുടെ വീടുകളിൽ ചെന്ന് രക്തസാമ്പിളുകൾ ശേഖരിക്കുന്നതിനുള്ള സൗകര്യവും, ഡോക്ടറുമായി വീഡിയോ കൺസൾട്ടേഷൻ സൗകര്യവും ഏർപ്പെടുത്തിയിരിക്കുന്നതായും ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു.

   ഹോം കളക്ഷനായി - 6238500082 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. വീഡിയോ കൺസൾട്ടേഷനായി www.jmmcri.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ദീപിക ഫാമിലി ഹെൽത്ത് കാർഡിനെക്കുറിച്ചറിയാൻ 9349599031 എന്ന നമ്പറിൽ ബന്ധപ്പെടുക.

2. **ഗവേണിങ്ങ് കൗസിൽ മെമ്പർ**

   പ്രൊഫ. ഡോ. അശ്വത്ത് കുമാറിനെ ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്ക് ആന്റ് ഗൈനക്കോളജിക്കൽ സൊസൈറ്റീസ് ഓഫ് ഇന്ത്യയുടെ അക്കാദമിക്ക് വിഭാഗമായ ഇന്ത്യൻ കോളേജ് ഓഫ് ഒബ്സ്റ്റട്രീ

ഷ്യൻസ് ആന്റ് ഗൈനക്കോളജിസ്റ്റ്സ്–ന്റെ 2021–22 വർഷത്തിലെ ഗവേണിങ്ങ് കൗൺസിൽ മെമ്പറായി തിരഞ്ഞെടുത്തു. കഴിഞ്ഞ 50 വർഷത്തെ ചരിത്രത്തിലാദ്യമായാണ് ഒരു മലയാളി ഗവേണിങ്ങ് കൗൺസിൽ മെമ്പറായി തിരഞ്ഞെടുക്കപ്പെടുന്നത്. ഇദ്ദേഹം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഗൈനക്കോളജി വിഭാഗത്തിൽ പ്രൊഫസറായി പ്രവർത്തിച്ചുവരുന്നു.

3. **അഭിനന്ദനങ്ങൾ .. ആശംസകൾ ..**

മുലയൂട്ടൽ വാരത്തോടനുബന്ധിച്ച് ഐ.എ.പി. കാലിക്കറ്റ് നടത്തിയ യു.ജി. ക്വിസിൽ പതിനാലാം ബാച്ചിലെ എം.ബി.ബി.എസ്. വിദ്യാർത്ഥിനിയായ ലിയ മറിയം ഷിബു ഒന്നാം സമ്മാനം നേടുകയും അനുഷ മരിയ ജോയിയെ ഫൈനലിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു.

4. **ഡയാലിസിസിന് സംഭാവന**

- M/s സിറ്റി സെറാമിക്സ്, ആൽത്തറ ജംഗ്ഷൻ, ചിയ്യാരം, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. ജോയ് ഡി. ചാണ്ടി, അഞ്ചങ്ങാടി, തൃശ്ശൂർ (14 ഡയാലിസിസ്)
- ശ്രീമതി അനു ജോസ്, തൃശ്ശൂർ (14 ഡയാലിസിസ്)
- ശ്രീമതി അമ്മ, കുറ്റിക്കാട്ട് ഹൗസ്, പൂവ്വത്തൂർ പി. ഒ., തൃശ്ശൂർ (100 ഡയാലിസിസ്)
- ശ്രീമതി ജൂലി ജോസ്, ആളൂർ ഹൗസ്, ആർത്താറ്റ്, തൃശ്ശൂർ (28 ഡയാലിസിസ്)

5. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന**

- ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ
- ഡോ. ബിന്ദു എം, പ്രൊഫസർ, ഗൈനക്കോളജി വിഭാഗം, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

1. **ജ്യോതി വെബിനാർ സീരീസ്** : കോവിഡ് – 19 മഹാമാരിമൂലം, പരമ്പരാഗത രീതിയിലുള്ള വിദ്യാഭ്യാസത്തിന് ബുദ്ധിമുട്ടുകൾ നേരിടുന്ന ഈ വേളയിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി വിവിധ ഡിപ്പാർട്ട്മെന്റുകളുടേയും, അസോസിയേഷനുകളുടേയും നേതൃത്വത്തിൽ 100ൽ പരം വെബിനാറുകൾ സംഘടിപ്പിച്ചു. ഇന്ത്യയിലേയും വിദേശത്തേയും സർവ്വകലാശാലകളിലേയും, ഇന്റസ്ട്രികളിലേയും പ്രശസ്തരാണ് പ്രസ്തുത വെബിനാറുകൾക്ക് നേതൃത്വം നല്കിയത്.
   ഡോ. സഞ്ജീവ് കുമാർ പത്മനാഭൻ (ആർ ബർക്ക് യൂണിവേഴ്സിററി,ഡെൻമാർക്ക്), ഡാനി വർഗ്ഗീസ് (സുറെ യൂണിവേഴ്സിററി, യു.കെ), ഡോ. ചുൻ ലാൻസ് പുഗ് (മുർ ഡോച്ച് യൂണിവേഴ്സിററി, ഓസ്ട്രേലിയ), ഡോ. എസ്. നരസിംഹമൂർത്തി (കാലിഫോർണിയ) എ മഗ് ഗോപിനാഥ് (ഡൽഹി) തുടങ്ങി നിരവധി പേർ വിവിധ വിഷയങ്ങളിൽ വെബിനാറിൽ പങ്കെടുത്തു.
   കോവിഡിന്റെ പാശ്ചാത്തലത്തിൽ ഇന്ത്യയ്ക്ക് പുറത്തുള്ള ഉന്നത വിദ്യാഭ്യാസം, മെഷിൻ ലേണിംഗും അതിന്റെ സാധ്യതകളും, ആധുനിക കാലഘട്ടത്തിൽ ഡാററാ സയന്റിന്റെ പ്രസക്തി, കോവിഡാനന്തര കലാലയജീവിതം, പ്ലസ് 2 കഴിഞ്ഞുള്ള വിദ്യാഭ്യാസ പഠനം തുടങ്ങിയ നിരവധി വിഷയങ്ങളാണ് വെബിനാറിൽ ഉണ്ടായിരുന്നത്. ഫാ. റോയ് ജോസഫ് വടക്കൻ, ഫാ. ജോസ് കണ്ണമ്പുഴ, പ്രൊഫ. രത്നൻ പി. തുടങ്ങിയവർ വെബിനാറിന് നേതൃത്വം നല്കി.
2. **ഡോ. സണ്ണി ജോസഫ് കലയത്താങ്കൽ പ്രിൻസിപ്പൽ ഇൻ–ചാർജ്ജ്:** ജ്യോതി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഇൻ–ചാർജ്ജായി ഡോ. സണ്ണി ജോസഫ് കലയത്താങ്കൽ ചുമതലയേററു. ഗണിതശാസ്ത്രത്തിലും കമ്പ്യൂട്ടർ സയൻസിലും പി.എച്ച്.ഡി അടക്കം ഏഴ് പ്രഫഷണൽ ഡിഗ്രികൾ നേടിയിട്ടുണ്ട്. മാന്നാനം

കെ.ഇ. കോളേജിലെ ഗണിത ശാസ്ത്ര വിഭാഗം മുൻ മേധാവിയും അസോസിയേററ് പ്രൊഫസറും കോളേജിലെ മുതിർന്ന അദ്ധ്യാപകനുമായിരുന്നു ഡോ. സണ്ണി ജോസഫ് കലയത്താങ്കൽ. അദ്ദേഹത്തിന് മുപ്പത്തിമൂന്ന് വർഷത്തെ അദ്ധ്യാപനപരിചയവും പതിനാറ് വർഷത്തെ ഗവേഷണപരിചയവുമുണ്ട്.

1987 –ൽ കേരള യൂണിവേഴ്സിററിയിൽ നിന്നുള്ള എം.എസ്.സി. മാത്തമാററിക്സ് ഡിഗ്രിയുമായാണ് ഗണിതശാസ്ത്ര വകുപ്പിൽ ലക്ച്ചറർ ആയി തുടക്കം കുറിച്ചത്. 1989–ൽ കാലിക്കററ് യൂണിവേഴ്സിററിയിൽ നിന്ന് ബി.എഡ് ഉം, 1993 ൽ കേരള യൂണിവേഴ്സിററിയിൽ നിന്ന് എം.ഫിൽ ഡിഗ്രിയും നേടി. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിററിയിൽനിന്നും 1999–ൽ സർട്ടിഫിക്കററ് ഇൻ കമ്പ്യൂട്ടിംഗ്, പി.ജി. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, 2000–ൽ അഡ്വാൻസ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവ കരസ്ഥമാക്കി. 2002–ൽ ഇഗ്നോയിൽ നിന്നും മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (എം.സി.എ) എടുത്തു. 2010–ൽ വീണ്ടും കേരള യൂണിവേഴ്സിററിയിയിൽ നിന്നും മാത്തമാററിക്കൽ മോഡലിംഗിൽ ഡോ. ജി. സുരേഷ് സിംഗിന്റെ കീഴിൽ പി.എച്ച്.ഡി.യും നേടി. 2013–ൽ ഇൻഫർമേഷൻ ടെക്നോളജിൽ എം.ടെക്. കരസ്ഥമാക്കി. 2018 ഡിസംബറിൽ ഭാരതീയാർ യൂണിവേഴ്സിററിയിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ രണ്ടാമത്തെ പി.എച്ച്.ഡി. കരസ്ഥമാക്കി. തൃക്കാക്കര ഭാരതമാത കോളേജിലെ ഡോ. ജോൺ. ടി. എബ്രഹാമിന്റെ ഗൈഡൻസിലായിരുന്നു ഗവേഷണം. ഗണിതശാസ്ത്രത്തിലും കമ്പ്യൂട്ടർ സയൻസിലും പി.എച്ച്.ഡി. ഉള്ളവർ ഇന്ത്യയിൽ തന്നെ വിരളമാണ്. അങ്ങനെ ഗവേഷണത്തിൽ ഇരട്ടപദവിയുടെ ഉടമയാണ് സണ്ണി ജോസഫ് കലയത്താങ്കൽ. അടുത്ത ശ്രമം ഗണിത ശാസ്ത്രത്തിലെ കമ്പ്യൂട്ടർ സയൻസിലോ പോസ്റ്റ് ഡോക്ടറേററിന് അഡ്മിഷൻ കരസ്ഥമാക്കുകയാണ്. നിരവധി ദേശീയ, അന്തർദേശീയ സെമിനാറുകളിലും, വർക്ക്ഷോപ്പുകളിലും ക്ഷണിക്കപ്പെട്ട പ്രഭാഷകനായിട്ടുണ്ട്. 80–ാളം പ്രബന്ധങ്ങൾ ദേശീയ, അന്താരാഷ്ട്ര ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എം.ജി., ഭാരതീയാർ, കർപ്പകം യൂണിവേഴ്സിററികളിലെ റിസർച്ച് ഗൈഡ് ആയി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിററിയിൽ റിസർച്ച് ഗൈഡാണ്. ഇന്റർ നാഷണൽ റിവ്യൂവർ, സബ് എഡിററർ തുടങ്ങിയ നിരവധി

ചുമതലകൾ നിർവ്വഹിക്കുന്ന ഡോ. സണ്ണി ജോസഫ് കലയത്താങ്കൽ 2013–14 വർഷത്തെ എം.ജി. യൂണിവേഴ്സിററിയുടെ മികച്ച എൻ.എസ്.എസ്. പ്രോഗ്രാമറായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 2016–ൽ ഇൻഡോനേഷ്യയിൽ വച്ച് നടന്ന ശ്രീവിജയ ഇന്റർ നാഷണൽ കോൺഫറൻസ് ഓഫ് എഞ്ചിനീയറിംഗ്, സയൻസ് & ടെക്നോളജിയിൽ ഔട്ട് സ്റ്റാന്റിംഗ് പെർഫോമൻസ് അവാർഡിന് അർഹനായിട്ടുണ്ട്.

തിരുവനന്തപുരം തേക്കുപാറ കലയത്താങ്കൽ കെ.എ. ജോസഫിന്റെയും. ഏലിക്കുട്ടി ജോസഫിന്റെയും മകനാണ്. കോട്ടയം എൽ.ഐ.സി. ഡിവിഷണൽ ഓഫീസിൽ ഉദ്യോഗസ്ഥയാണ് ഭാര്യ ലിസമ്മ. മക്കൾ സച്ചിൻ കെ. സണ്ണി ചെന്നെ ഐ.ഐ.ടി.യിൽ നിന്നും സൻജയ് കെ. സണ്ണി ഖരഗ്പൂർ ഐ.ഐ.ടി.യിൽ നിന്നും ബി.ടെക് നേടി. ഏക മകൾ ലിയ കെ. സണ്ണി ആലപ്പുഴ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്സിന് പഠിക്കുന്നു.

3. **പുതിയ ബി.ടെക് കോഴ്സുകൾ :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ 2020–21 അദ്ധ്യനവർഷം മുതൽ 2 പുതിയ ബി.ടെക് കോഴ്സുകൾ ആരംഭിക്കുന്നു. പുതുതലമുറ കോഴ്സുകളായ ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് & ഡാറ്റാ സയൻസ്, റോബോട്ടിക്സ് & ഓട്ടോമേഷൻ എന്നീ കോഴ്സുകളാണ് എ.ഐ.സി.ടി.ഇ., കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നിവയുടെ അംഗീകാരത്തോടെ ഈ അദ്ധ്യയന വർഷം മുതൽ ആരംഭിക്കുന്നത്.
4. **അഡ്മിഷൻ രജിസ്ട്രേഷൻ ആരംഭം:** ജോതി എഞ്ചിനീറിംഗ് കോളേജിലെ ബി.ടെക്, എം.ടെക്. കോഴ്സുകളിലേയ്ക്കുള്ള മാനേജ്മെന്റ്, എൻ.ആർ.ഐ. അഡ്മിഷൻ രജിസ്ട്രേഷൻ ആരംഭിച്ചു. 8 ബി.ടെക് കോഴ്സുകളും 5 എം.ടെക് കോഴ്സുകളുമാണ് നിലവിൽ ജ്യോതിയിൽ ഉള്ളത്. സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, മെക്കാട്രോണിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് & ഡാററ സയൻസ്, റോബോട്ടിക്സ് & ഓട്ടോമേഷൻ എന്നീ ബി.ടെക് കോഴ്സുകളിലേയ്ക്കും, ട്രാൻപോർട്ടേഷൻ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, പവർ ഇലക്ട്രോണിക്സ്, കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് & സിഗ്നൽ പ്രോസസിംഗ്, ഇന്റസ്ട്രിയൽ ഓട്ടോമേഷൻ & റോബോട്ടിക്സ് എന്നീ എം.ടെക് കോഴ്സുകളിലേയ്ക്കുമാണ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നത്. അഡ്മിഷൻ രജിസ്ട്രേഷനും കൂടുതൽ വിവര

ങ്ങൾക്കും www.jecc.ac.in വെബ്സൈറ്റ് സന്ദർശിക്കുകയോ 9526924495, 9526934455, 9526964455 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

തൃശൂർ അതിരൂപത **പാസ്റ്ററൽ സെന്ററിൽ** ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അഡ്മിഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഫോൺ : 9446424520, 9846539968

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി

**മോൺ. തോമസ് കാക്കശ്ശേരി**
ചെയർമാൻ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

1. **അഭിനന്ദനങ്ങൾ**

പൂർവ്വവിദ്യാർത്ഥിയായിരുന്ന ഡോ. എം. കെ ജയരാജ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പുതിയ വൈസ്ചാൻസലറായി നിയമിതനായതിൽ അഭിനന്ദനങ്ങൾ നേരുന്നു.

2. **നേട്ടം**

* ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഡോ. വിജു എം.ജെ, ഭാരതമാതാ കോളേജ് തൃക്കാക്കര സംഘടിപ്പിച്ച ഇന്റർനാഷണൽ കോൺഫ്രൻസിൽ ഒരു ഓൺലൈൻ സെഷൻ ചെയർ ചെയ്തു.
* കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിലെ പ്രൊഫ. റമീള രവീന്ദ്രൻ ക്രൈസ്റ്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഇരിങ്ങാലക്കുട സംഘടിപ്പിച്ച 'വെർച്വൽ ക്ലാസ്സ് റൂം' എന്ന സെമിനാറിൽ റിസോഴ്സ് പേഴ്സനായി വെബിനാർ നയിച്ചു.
* സെന്റ് അലോഷ്യസ് കോളേജ് സംഘടിപ്പിച്ച 'പബ്ലിഷിംഗ് ഇൻ ക്രഡിബിൽ ജേർണൽസ്' എന്ന വെബിനാറിൽ കോളേജ് ലൈബ്രേറിയൻ ശ്രീ സാൻജോ ജോസ് റിസോഴ്സ് പേഴ്സണായി വെബിനാർ നയിച്ചു.
* ടെലിസയൻസ് സ്കോളർ പ്രോഗ്രാമിന് അന്തർദേശീയ തലത്തിൽ അംഗീകാരം ലഭിച്ചു. യു. എസ് നാഷണൽ ഫൗണ്ടേഷന്റെ നേതൃ

ത്വത്തിൽ വിവിധ രാജ്യങ്ങളിലെ വിദ്യാർത്ഥികൾക്ക് അക്കാദമിക പിന്തുണ നൽകുന്ന അഡ്വാൻസിങ്ങ് ഇൻഫർമേഷൻ സയൻസ് ലേണിംഗ് പ്രോഗ്രാമിന്റെ ഭാഗമായി ടെലിസയൻസ് സ്ക്കോളർ പ്രോഗ്രാം തെരഞ്ഞെടുത്തു. ഈ പ്രോഗ്രാമിന്റെ സംസ്ഥാനതല കോർഡിനേറ്റർ ഫിസിക്സ് അദ്ധ്യാപകൻ ഡോ. റ്റി.വി വിമൽകുമാർ ആണ്. ടെലി സയൻസ് സ്കോളർ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 100 സ്ക്കൂൾ വിദ്യാർത്ഥികൾക്ക് 30 രാജ്യങ്ങളിലെ ഗവേഷകരുമായി സംവദിക്കാൻ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 'ടെലിസയൻസ് സ്കോളർ' ഇ–മാഗസിൻ പുറത്തിറക്കുന്നതിന് ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. വിമൽകുമാർ നേതൃത്വം നൽകി.

* ലൈബ്രേറിയൻ സാൻജോ ജോസ് മാർ അത്തനേഷ്യസ് കോളേജ് കോതമംഗലത്ത് 'പബ്ലിഷിങ്ങ് ഇൻ ക്രിഡിബിൾ ജേർണൽസ്' എന്ന വെബിനാറിൽ റിസോഴ്സ് പേഴ്സനായി വെബിനാർ അവതരിപ്പിച്ചു.

**3. ഓൺലൈൻ കോഴ്സ്**

ഗവേഷണ വിദ്യാർത്ഥികൾക്കായി 'റിസർച്ച് ആന്റ് പബ്ലിക്കേഷൻ എത്തിക്സ്' എന്ന വിഷയത്തിൽ ഒരു ഓൺലൈൻ കോഴ്സ് സെന്റ് തോമാസ് കോളേജിൽ ആരംഭിച്ചു. കേരളത്തിൽ ഈ കോഴ്സ് നടത്തുന്ന ഏക കോളേജ് സെന്റ് തോമാസ് ആണ്. ഈ കോഴ്സിന്റെ ഓൺലൈൻ ലോഞ്ചിംങ്ങ് കാലിക്കറ്റ് യൂണിവേഴ്സിറ്റി കെമിസ്ട്രി വിഭാഗം തലവൻ ഡോ. യാഹ്യ എ. ഐ യും, ഉദ്ഘാടനം കാലിക്കറ്റ് വി.സി. രജിസ്ട്രാർ ഡോ. സി.എൻ. ജോഷിയും നിർവ്വഹിച്ചു. അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഡോ. എ. റ്റി ഫ്രാൻസിസ്, കോളേജ് ലൈബ്രേറിയൻ ശ്രീ സാൻജോ ജോസ് ക്ലാസ്സുകൾ നയിച്ചു.

**4. വെബിനാർ**

* ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റും ഐ.ക്യു.എസി യും സംയുക്തമായി 'ആൻഡ്രോയ്ഡ് ആപ്പ് ഡവലപ്പ്മെന്റ് ഇൻ എക്സ്റ്റൗണ്ടിംഗ് ഗ്രോത്ത് ഇൻ മിഡന്റ് ഓഫ് കോവിഡ് 19 പാൻ്റമിക്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു.
* കോളേജ് ഫോറൻസിക്ക് & ക്രിമിനോളജി ഡിപ്പാർട്ടുമെന്റും, ഐ.സി.എഫ്.എസ് ന്റേയും സംയുക്തത്തിൽ 22–ാമത് ഇന്റർ നാഷണൽ വെബിനാർ സീരീസ് ശ്രീ ജെഫ്റി ഹാരിസൺ (ചീഫ് ഓഫ് പോലീസ്, കാൻസാസ്, യു.എസ്.എ) നയിച്ചു.
* സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റും എ. ഡി. പി യും സംയുക്തമായി 'സൈക്കോളജിക്കൽ ഫസ്റ്റ് എയ്ഡ്' എന്ന വിഷയത്തെ ആസ്

പദമാക്കി വെബിനാർ സംഘടിപ്പിച്ചു. അംഗപരിമിതരായ ജനങ്ങൾക്കായി സംഘടിപ്പിച്ച വെബിനാർ ഡോ. അനൂപ് ആന്റണി (സീനിയർ മാനേജർ ഐ. ഡി. ആർ. ആർ) ക്ലാസ്സുകൾ നയിച്ചു.

* സെന്റ് തോമാസ് കോളേജ് റിസേർച്ച് കൗൺസിലും ലൈബ്രറി ഇൻഫോർമേഷൻ സ്റ്റഡീസും ഐ. ക്യു. എസി യും സംയുക്ത നേതൃത്വത്തിൽ റിസർച്ച് & പബ്ലിക്കേഷൻ എത്തിക്ക്സ് എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡോ. എം. കെ ജയരാജ്, പ്രോ. വി. സി. ഡോ. എം നാസർ രജിസ്ട്രാർ ഡോ. സി.എൻ ജോഷി എന്നിവർ വെബിനാറിൽ പ്രഭാഷണം നടത്തി.
* എക്കണോമിക്സ് & പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റുകളുടെ നേതൃത്വത്തിൽ 'ഇംപാക്ട് ഓഫ് കോവിഡ് 19 ഓൺ എക്കണോമി' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ ചെയർമാൻ പ്രൊഫ. ബി.എ.പ്രകാശ് വെബിനാർ നയിച്ചു.
* കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 'ഇംപാക്ട് ഓഫ് കോവിഡ് ഓൺ ഫ്യൂച്ചർ ഓഫ് കൊമേഴ്സ് & മാനേജ്മെന്റ് എഡ്യൂക്കേഷൻ ഇൻ സൈറ്റ്ഫുൾ ഡിസ്ക്കഷൻ' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. തൃശിനാപ്പിള്ളി സെന്റ് ജോസഫ് കോളേജ് ഡിപ്പാർട്ട്മെന്റ് തലവൻ ഡോ എഫ്. ആർ. അലക്സാണ്ടർ പ്രവിൻ ദുരൈ വെബിനാർ നയിച്ചു.
* ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റും ഗാന്ധിഗ്രാം റൂറൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് 'പോസ്റ്റ് മോഡേണിസം' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. എ. ജോസഫ് ദുരൈരാജ് വെബിനാർ നയിച്ചു.
* ഡിപ്പാർട്ട്മെന്റ് ഓഫ് മീഡിയ സ്റ്റഡീസിന്റെ നേതൃത്വത്തിൽ 'ആക്ടിങ്ങ് ഫോർ സ്റ്റേജ് & സിനിമ' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്ക്കൂൾ ഓഫ് ഡ്രാമ വിഭാഗം തലവൻ ശ്രീ ശ്രീജിത്ത് എ. വെബിനാർ നയിച്ചു.

**5. സ്കോളർഷിപ്പ്**

ആസ്പയർ സ്കോളർഷിപ്പ് ലഭിച്ച എൻ.എസ്.എസ് കോളേജ് ഒറ്റപ്പാലം, വിമല കോളേജ്, തൃശൂർ എന്നിവിടങ്ങളിൽ നിന്നും 33 വിദ്യാർത്ഥികൾ കോമേഴ്സ് ഡിപ്പാർട്ട്മെന്റിൽ ആസ്പയർ സ്കോളർഷിപ്പ് പ്രോജക്ട് വിജയപ്രദമായി ചെയ്തു തീർക്കാൻ ഫാക്കൽറ്റി മെമ്പേഴ്സ് നേതൃത്വം നൽകി.

6. **പി.എച്ച്.ഡി.**

* ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അംഗങ്ങളായ നീസ് പോൾ, ജോ കിഴക്കൂടൻ എന്നിവർ മെറ്റാമെറ്റീരിയൽ എന്ന വിഷയത്തിൽ ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുടയിൽ നിന്നും, ഡോ. വി.പി. ജോസഫിന്റെ ഗവേഷണ നേതൃത്വത്തിൽ ഡോക്ടറേറ്റ് നേടി.
* ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപിക അനു പോൾ, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഡോ. ഡേവിസ് സി.ജെ, ഡോ. സനിൽ രാജ് എന്നിവരുടെ ഗവേഷണ നേതൃത്വത്തിൽ ഡോക്ടറേറ്റ് നേടി.
* കോമേഴ്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും റിസേർച്ച് സ്കോളർ ഫെബിന കെ, ഡോ. തോമസ് പോൾ കാട്ടുകാരന്റെ ഗവേഷണ നേതൃത്വത്തിൽ പി. എച്ച്. ഡി നേടി.

7. **പ്ലെയ്സ്മെന്റ് സെൽ**

* പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ അവസാനവർഷ ഡിഗ്രി വിദ്യാർത്ഥികൾക്ക് 11 ദിവസത്തെ ട്രെയിനിംഗ് 'റ്റി. സി. എസി' ന്റെ സഹായത്തോടെ നടത്തി. അവസാന വർഷ ബിരുധാനന്തര ബിരുധ വിദ്യാർത്ഥികൾക്ക് ആറുമാസത്തെ ഇന്റേൺഷിപ്പ് അവസരം 'എസ്. ഒ. റ്റി. ഐ' യുടെ സഹായത്താൽ നൽകി.
* പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 'പാത്ത് ഫൈൻഡർ' എന്ന വെബിനാർ സംഘടിപ്പിച്ച് യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. മാനേജർ ഉദ്ഘാടനം നിർവ്വഹിച്ച വെബിനാറിൽ ലീഡ് കോളേജ് ഓഫ് മാനേജ്മെന്റ് ഡയറക്ടർ ഡോ. തോമസ് ജോർജ്ജ് കെ. ക്ലാസ്സ് നയിച്ചു.
* അയർലന്റ് ബേയ്സുള്ള സി. യു. എഫ്. എ. എന്ന കമ്പനിയിൽ സോഫ്റ്റ്വെയർ എഞ്ചിനീയറായി, കംപ്യൂട്ടർ സയൻസ് വിദ്യാർത്ഥി എബിൻ സി. ഷാജുവിന് വർഷത്തിൽ 4 ലക്ഷം നിരക്കിൽ നിയമനം ലഭിച്ചു.

8. **പി.റ്റി.എ.**

* കോളേജ് പി. റ്റി. എ യുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ പഠന ക്ലാസ്സിന് സൗകര്യ കുറവു മൂലം പങ്കെടുക്കാൻ സാധിക്കാത്ത 4 വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ സൗജന്യമായി നൽകി.

**പി.വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ




# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **ബ്രേക്ക് ദി ചെയിൻ വീഡിയോ**

കോവിഡ് – 19 എന്ന മഹാമാരിയെ തടയുന്നതിന്റെ ഭാഗമായി പൊതുവും വ്യക്തിപരവുമായ ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടികാണിച്ച് ബ്രേക്ക് ദി ചെയിൻ ആശയവുമായി മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ ഒന്നാംവർഷ ബി.എഡ് വിദ്യാർത്ഥികൾ ഫോട്ടോ കൊളാഷും വീഡിയോയും നിർമ്മിച്ചു. തുടർന്ന് ഏപ്രിൽ 18–ാം തിയ്യതി ആരംഭിച്ച യൂട്യൂബ് ചാനലിൽ പ്രസ്തുത വീഡിയോ അപ്‌ലോഡ് ചെയ്തു.

2. **ലോക്ക്ഡൗൺ ദിനങ്ങൾ**

ലോക്ക്ഡൗൺ ദിനങ്ങളിൽ വിദ്യാർത്ഥികൾ ചെയ്ത കലാസൃഷ്ടികൾ ഉൾപ്പെടുത്തി മഹാജൂബിലി ട്രെയിനിംഗ് കോളേജ് മാഗസിൻ എഡിറ്ററായ ജിത ഗോപാലന്റെ നേതൃത്വത്തിൽ വീഡിയോ തയ്യാറാക്കി. 2020 മെയ് 16–ാം തിയ്യതി പ്രസ്തുത വീഡിയോ കോളേജ് പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മൽ പ്രകാശനം ചെയ്തു.

3. **ഓൺലൈൻ ക്വിസുകൾ**

എഡ്യുക്കേഷൻ സൈക്കോളജി എന്ന വിഷയത്തിൽ 2020 മെയ് 25 ന് മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ അധ്യാപക ശ്രീമതി.ദീപ.എം.ജെ യുടെ നേതൃത്വത്തിൽ ആദ്യത്തെ ഓൺലൈൻ ക്വിസ് സംഘടിപ്പിച്ചു. തുടർന്ന് ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികൾ പ്രസ്തുത വിഷയങ്ങളിൽ ക്വിസുകൾ സംഘടിപ്പിച്ചു.

4. **അധ്യായനവർഷാരംഭം**

2020 ജൂൺ 1–ാം തിയ്യതി രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥികളുടെ അധ്യായനം ഔദ്യോഗികമായ പ്രാർത്ഥനയോടെ ആരംഭിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ. ചാക്കോ ചിറമ്മൽ ഓൺലൈൻ ക്ലാസ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**5. അന്താരാഷ്ട്ര യോഗാദിനം**

അന്താരാഷ്ട്ര യോഗാദിനമായ ജൂൺ 21ന് മഹാജൂബിലി ട്രെയിനിംഗ് കോളേജ് വിദ്യാർത്ഥികൾ ഫാമിലി യോഗാ ചലഞ്ച് എന്ന പരിപാടിയോടുകൂടെ യോഗാദിനം ആചരിച്ചു. ഓരോ വിദ്യാർത്ഥികളും തങ്ങളുടെ കുടുംബാംഗങ്ങളെ കൂടെ യോഗ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത്തരം ചലഞ്ച് സംഘടിപ്പിച്ചത്. അധ്യാപകരുൾപ്പടെ ഈ ചലഞ്ചിൽ പങ്കെടുത്തു.

**6. സ്വീകരണം**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ സൈക്കോളജി വിഭാഗത്തിൽ അധ്യാപികയായി ചാർജെടുത്ത ശ്രീമതി. ജോഷ്നി ജോണിക്ക് 2020 ജൂലൈ 15ന് ഹൃദ്യമായ സ്വാഗതം നേർന്നു.

**7. ഓൺലൈൻ സെമിനാർ**

അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ലീഡിങ്ങ് പ്രൊഫസർ ആയിട്ടുള്ള ഡോ.മേരി റെജീനയുടെ നേതൃത്വത്തിൽ 2020 ജൂലായ് 15ന് ഓൺലൈനായി ഹോർത്ത് കൾച്ചറൽ തെറാപ്പി എന്ന വിഷയത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു.

**8. ചെസ്സ് മാച്ച്**

അന്താരാഷ്ട ചെസ്സ് ദിനമായ ജൂലായ് 18–ാം തിയ്യതി മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകനായ ശ്രീ.ഷിജോ ജോർജിന്റെ നേതൃത്വത്തിൽ ഓൺലൈനായി ചെസ്സ് മത്സരം സംഘടിപ്പിച്ചു. പ്രസ്തുത മത്സരത്തിൽ നാച്ചുറൽ സയൻസ് വിഭാഗം വിദ്യാർഥിനി അനുഷ സി.എ ഗ്രാന്റ് മാസ്റ്റർ സ്ഥാനം കരസ്ഥമാക്കി.

**9. കെ.ടെറ്റ്, സെറ്റ് കോച്ചിങ്ങുകൾ**

അധ്യാപക യോഗ്യത പരീക്ഷകളായ കെ.ടെറ്റ്, സെറ്റ് തുടങ്ങിയവയുടെ കോച്ചിങ്ങ് മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2020 ജൂലായ് 21ന് ഓൺലൈനായി ആരംഭിച്ചു.

**10. നാമഹേതുക തിരുനാൾ**

മഹാജൂബിലി ട്രെയിനിംഗ് കോളേജ് അസിസ്റ്റർ മാനേജർ ഫാ.ഷിജോ ചിറ്റിലപ്പിള്ളിയുടെയും, കോളേജ് പ്രിൻസിപ്പാൾ ഫാ. ചാക്കോ ചിറമ്മലിന്റെയും നാമഹേതുക തിരുനാൾ 2020 ജൂലായ് 24ന് ഓൺലൈനായി ആഘോഷിച്ചു. പ്രസ്തുത സന്ദർഭത്തിൽ വി.യാക്കോബ് ശ്ലീഹായുടെ ജീവിതം ഉൾക്കൊണ്ട് നല്ല സന്ദേശം വൈദികർ നൽകി. അധ്യാപകരും വിദ്യാർത്ഥികളും ആശംസകൾ നേർന്നുകൊണ്ട് വ്യത്യസ്തമായ രീതിയിൽ തിരുനാൾ ആഘോഷിച്ചു.

**11. കാർഗിൽ ദിനം**

സൈനികരുടെ സുത്യർഹമായ സേവനത്തെയും കാർഗിൽ ദിനത്തിലെ ഓർമ്മകളെയും ഉൾപ്പെടുത്തി തയ്യാറാക്കിയ വീഡിയോ പ്രസന്റേഷനിലൂടെ 2020 ജൂലായ് 26-ാം തിയ്യതി കാർഗിൽ ദിനം ആചരിച്ചു. മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ നാച്ചുറൽ സയൻസ് വിഭാഗം വിദ്യാർഥിനി നിവിയ വിൽസൺന്റെ പിതാവ് സുബൈദാർ മേജർ വിൽസൺന്റെയും, സഹോദരൻ സി.ആർ.പി.എഫ് ഓഫീസർ വിപിൻ വിൽസൺന്റെയും അദ്ദേഹത്തിന്റെ ഭാര്യ അനുഷ തോമസിന്റെയും ജീവിതാനുഭവങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വീഡിയോ വളരെ പ്രചോദനം നൽകുന്ന ഒന്നായിരുന്നു.

**12. ബെർണാഡ് ഷാ ദിനം**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ലിറ്ററി ക്ലബ്ബിന്റെയും ഇംഗ്ലീഷ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ പ്രശസ്ത നാടകകൃത്ത് ബെർണാഡ് ഷായുടെ ജന്മദിനം 2020 ജൂലായ് 26ന് ആചരിച്ചു.

**13. വർക്ക്ഷോപ്പ്**

ക്രിട്ടിക്കൽ അണ്ടർസ്റ്റാന്റിംങ് ഓഫ് ഐ.സി.ടി യുടെ വർക്ക്ഷോപ്പ് ഒറ്റപ്പാലം എൻ.എസ്.എസ് ട്രെയിനിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ.കെ.എസ്.സാജന്റെ നേതൃത്വത്തിൽ 2020 ജൂലായ് 29, 30 തിയ്യതികളിൽ സംഘടിപ്പിച്ചു.

**14. സ്വാതന്ത്ര്യദിനാഘോഷം**

2020 ഓഗസ്റ്റ് 15-ാം തിയ്യതി ഇന്ത്യയുടെ 74-ാമത് സ്വാതന്ത്ര്യദിനം മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും ഓൺലൈനിലൂടെ ആഘോഷിച്ചു. സ്വാതന്ത്ര്യദിനത്തെ സംബന്ധിച്ച വീഡിയോ വിദ്യാർത്ഥികൾ അവതരിപ്പിച്ചു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# സാന്ത്വനം

1. **കോവിഡ് 19 – മൃതസംസ്കാരത്തിന് സാന്ത്വനം വളണ്ടിയേഴ്സ്**

   തൃശൂർ അതിരൂപതയുടെ സാമൂഹിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററിന്റെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും മൃത സംസ്കാരത്തിനുമായി വളണ്ടിയർ സർവീസ് ആരംഭിച്ചു.

   വൈദികരെയും സന്നദ്ധപ്രവർത്തകരായ യുവാക്കളെയും ചേർത്ത് സജ്ജീകരിച്ചിരിക്കുന്ന ഈ ടീം കോവിഡ് പ്രോട്ടോകോൾ പ്രകാരം കോവിഡ് മൃതസംസ്കാരത്തിന് സജീവമായി രംഗത്തുണ്ടാകും. മൃതസംസ്കാരവുമായി ബന്ധപ്പെട്ട ആശയകുഴപ്പങ്ങളും തെറ്റിദ്ധാരണകളും ഒഴിവാക്കുന്നതിനാണ് സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കന്റെ നേതൃത്വത്തിൽ വളണ്ടിയേഴ്സിനെ സജ്ജമാക്കിയിരിക്കുന്നത്. ഇവർക്ക് കോവിഡുമായി ബന്ധപ്പെട്ട സർക്കാർ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിലുള്ള പരിശീലനവും നൽകുന്നു.

   നമ്മുടെ നാട്ടിൽ കോവിഡ് 19 ന്റെ സമൂഹവ്യാപനം ദ്രുതഗതിയിൽ മുമ്പോട്ടുപോകുന്നതിനാൽ കൂടുതൽ പേരെ ഈ രംഗത്ത് പരിശീലിപ്പിക്കാനാണ് സാന്ത്വനം പദ്ധതിയിട്ടിട്ടുള്ളത്. കില ഇൻസ്റ്റിറ്റ്യൂട്ടിൽ സജ്ജീകരിച്ചിട്ടുള്ള പരിശീലനത്തിൽ 2 ബാച്ചുകളിലായി 44 പേരെ സാന്ത്വനം ഇതിനകം പരിശീലിപ്പിച്ചു കഴിഞ്ഞു. സാന്ത്വനം അസ്സോസിയേറ്റ് ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി, അസി.ഡയറക്ടർ ഫാ. സിന്റോ തൊറയൻ എന്നിവരടങ്ങിയ ബാച്ചുകളിൽ മൊത്തം 16 വൈദികരും സാന്ത്വനം ടാസ്ക് ഫോഴ്സ് വളണ്ടിയേഴ്സും പങ്കെടുത്തു.

2. **കോവിഡ് 19 മൃതദേഹ സംസ്ക്കാരം**

   അതിരൂപതയിലെ ആദ്യ കൊവീഡ് 19 മൃതദേഹ സംസ്ക്കാരം കൊവീഡ്19 പ്രോട്ടോക്കോൾ അനുസരിച്ച് അരിമ്പൂർ ഇടവകയിൽ, സാന്ത്വനം ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ നടന്നു. സാന്ത്വനം

അസി.ഡയറകടർ ഫാ.സിന്റോ തൊറയൻ കാർമ്മികത്വം വഹിച്ചു. സാന്ത്വനം ടാസ്ക് ഫോഴ്സ് വളണ്ടിയേഴ്സ് നെൽസൺ തോമസ്, സാജൻ ജോയ്, സാജൻ ജോസ്, ഡാനിയേൽ ജോസഫ് എന്നിവർ നേതൃത്വം നൽകി.

3. **ഹരിതസാന്ത്വനം ജൈവപച്ചക്കറി വിപണി**

കർഷകന് ന്യായമായ വില ലഭിക്കുക, ഉപഭോക്താക്കൾക്ക് വിഷര ഹിത പച്ചക്കറി ലഭിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച ഹരി തസാന്ത്വനം ജൈവപച്ചക്കറി വിപണി ജനങ്ങളുടെ ആവശ്യം പരിഗ ണിച്ച് ഞായർ ഒഴികെ എല്ലാ ദിവസവും തുറന്നു പ്രവർത്തിച്ചുവ രുന്നു.

4. **സേവ് എ ഫാമിലി**

സേവ് എ ഫാമിലിയുടെ ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിലേക്ക് ഈ വർഷം 80 പുതിയ ഗുണഭോക്തൃ കുടുംബങ്ങളെ തിരഞ്ഞെടു ക്കുന്നതിനുള്ള അനുമതി ലഭിച്ചു. കുടുംബങ്ങളെ തിരഞ്ഞെടുക്കു ന്നതിനായി സേവ് എ ഫാമിലിയുടെ മാനദണ്ഡങ്ങൾനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി. സെപ്റ്റംബർ മുതൽ ഡിസംബർ വരെ ഓരോ മാസവും 20 വീടുകളാണ് തിരഞ്ഞെടുക്കുക.

5. **പ്രോഗ്രസ് റിപ്പോർട്ട്**

സേവ് എ ഫാമിലിയുടെ ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിലെ കാലാവധി പൂർത്തീകരിച്ച 25 കുടുംബങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കി. ഗുണഭോക്തൃ കുടംബങ്ങളുടെ അടിസ്ഥാന പുരോഗതി, ഭവനനിർമ്മാണം, വൈദ്യുതീകരണം, മക്കളുടെ വിദ്യഭ്യാസപുരോ ഗതി, സ്വയം തൊഴിൽ നേടൽ എന്നീ വിവരങ്ങളെ അടിസ്ഥാനമാ ക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

FAMILY APOSTOLATE CENTRE, THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

**ഫാമിലി ക്വിസ്**

**2020 ഒക്ടോബർ 4, 7 pm – 8 pm**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഫ്രാൻസീസ് പാപ്പായുടെ, കുടുംബങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ **സ്നേഹത്തിന്റെ സന്തോഷം** എന്ന അപ്പസ്തോലിക പ്രബോധനത്തെ ആസ്പദമാക്കിയായിരിക്കും ഫാമിലി ക്വിസ് നടത്തപ്പെടുക. ഫാമിലി ക്വിസിൽ പങ്കെടുക്കുന്നവർ താഴെ നൽകപ്പെടുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

നിബന്ധനകൾ

1. **സ്നേഹത്തിന്റെ സന്തോഷം** എന്ന അപ്പസ്തോലിക പ്രബോധനത്തെ ആധാരമാക്കിയായിരിക്കും ഫാമിലി ക്വിസ് നടത്തപ്പെടുക.
2. ഫാമിലി ക്വിസ് ഓൺലൈൻ വഴിയായിരിക്കും.
3. ഫ്രാൻസീസ് പാപ്പായുടെ **സ്നേഹത്തിന്റെ സന്തോഷം** എന്ന പ്രബോധനത്തിന്റെ മലയാള കോപ്പി ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ വെബ്സൈറ്റിൽ (trichurfamilyapostolate.org) PDF ഫയ്ലാക്കി കൊടുത്തിട്ടുണ്ട്. കൈയിൽ സ്വന്തമായി പുസ്തകമില്ലാത്തവർ ഈ വൈബ്സെറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ഒപ്പം തന്നെ ഏതാനും മാതൃക ചോദ്യങ്ങൾ ഈ വെബ്സൈറ്റിൽ ലഭിക്കുന്നതായിരിക്കും.
4. ക്വിസ് മത്സര തിയ്യതിയും സമയവും 2020 ഒക്ടോബർ 4 (ഞായർ) സമയം – 7 മുതൽ 8 വരെയായിരിക്കും.
5. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അവരുടെ വാട്സ് ആപ്പ് നമ്പർ, പേര്, ഇടവക എന്നിവ സെപ്റ്റംബർ 30 ന് മുൻപ് 9207119554 ഈ നമ്പറിലേക്ക് അയച്ച് റജിസ്റ്റർ ചെയ്യേണ്ടതാണ്. പിന്നീട് വരുന്ന രെജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

6. നിങ്ങൾ തരുന്ന വാട്സ് ആപ്പ് നമ്പറിൽ മത്സരത്തിന്റെ മറ്റ് വിശദാംശങ്ങൾ അയച്ചുതരുന്നതായിരിക്കും.
7. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി.ഡയറക്ടർ

**ഫാ. ജിന്റോ ചൂണ്ടൽ**
അസി.ഡയറക്ടർ




**കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മത്സരം**
**ബൈബിൾ പാരായണ മത്സരം**
**2020 സെപ്റ്റംബർ 10 മുതൽ 20 വരെ**
**നിബന്ധനകൾ**

1. മത്സരം കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് മാത്രമാണ്.
2. ഒരു ഇടവകയിൽ നിന്ന് എത്ര ഭാരവാഹിക്ക് വേണമെങ്കിലും പങ്കെടുക്കാൻ സാധിക്കുന്നതാണ്.
3. മത്സര സമയം 4 മിനിറ്റാണ്. അതിൽ കൂടുതൽ വന്നാൽ പരിഗണിക്കുന്നതല്ല.
4. വീഡിയോയിൽ മുഖം മാസ്ക് വച്ച് മറക്കുവാൻ പാടുള്ളതല്ല.
5. മത്സരത്തിനുള്ള വീഡിയോ അയച്ചു തരേണ്ട ഫോൺ നമ്പർ – 9207119554
6. ബൈബിൾ പാരായണത്തോടൊപ്പം പേര്, യൂണിറ്റ്, ഭാരവാഹിത്വം, ഇടവക, വാട്സ് ആപ്പ് നമ്പർ എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.
7. അയയ്ക്കേണ്ട വീഡിയോയിൽ ഏതെങ്കിലും തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ മത്സരാർത്ഥിയെ ഒഴിവാക്കുന്നതായിരിക്കും.

8. ബൈബിൾ പാരായണം റെക്കോർഡ് ചെയ്ത് അയച്ചു തരേണ്ടത് 2020 സെപ്റ്റംബർ 10 മുതൽ 20 വരെയുള്ള ദിവസങ്ങളിലാണ്.
9. ബൈബിൾ പാരായണം നടത്തേണ്ട വചനഭാഗം ലൂക്ക 10 : 25 – 37.
10. ബൈബിൾ പാരായണം നടത്തി റെക്കോർഡ് ചെയ്തിട്ടാണ് അയച്ചുതരേണ്ടത്.
11. വ്യക്തിപരമായ മത്സരമാണിത്.
12. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
13. ബൈബിൾ പാരായണത്തിന് പിന്നണി മ്യൂസിക്കുകളോ മറ്റ് സംഗീത ഉപകരണങ്ങളോ ഉപയോഗിക്കാൻ പാടുള്ളതല്ല.

**അടുക്കളത്തോട്ട മത്സരം**

കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ അടുക്കളത്തോട്ട മത്സരം സംഘടിപ്പിച്ചിരിക്കുന്നു. (ഉദാ: വീടിനോട് ചേർന്ന് മുറ്റത്തോ, ടെറസിന്റെ മുകളിലോ നടത്തുന്ന പച്ചക്കറിത്തോട്ടമാണ് അടുക്കളത്തോട്ട മത്സരത്തിൽ ഉൾപ്പെടുത്തുക) അടുക്കളത്തോട്ട മത്സരം ഇടവക, ഫൊറോന, അതിരൂപത എന്നീ തലങ്ങളിലായിരിക്കും വിലയിരുത്തപ്പെടുക. ഇടവക തലത്തിൽ കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ 2020 ആഗസ്റ്റ് 15 ന് മുൻപ് വിലയിരുത്തി വിജയികളായ മൂന്ന് പേരെ ഫൊറോനയിലേയ്ക്കും, ഫൊറോന കേന്ദ്രസിമിതി ഫൊറോന തലത്തിൽ വിലയിരുത്തി ഫൊറോനയിൽ നിന്ന് ഏറ്റവും മികച്ച മൂന്ന് വിജയികളെ 2020 ആഗസ്റ്റ് 30 ന് ഫൊറോന ആനിമേറ്ററിന്റെയും ഫോറൊന കൺവീനറുടെയും സാക്ഷ്യപത്രത്തോടുകൂടി അതിരൂപത കേന്ദ്രസമിതിയെ അറിയിക്കേണ്ടതാണ്. അതിരൂപത കേന്ദ്രസമിതി 2020 സെപ്റ്റംബർ 10 ന് മുൻപ് ഈ അടുക്കളത്തോട്ട മത്സരം വിലയിരുത്തി അതിരൂപത അടുക്കളത്തോട്ട കാർഷിക അവാർഡ് പ്രഖ്യാപിക്കുന്നതായിരിക്കും. അതിരൂപത വിജയികളുടെ സമ്മാനവിതരണ തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി



# മാതൃവേദി

**മാതൃവേദി അംഗങ്ങൾക്കായുള്ള ഭക്തിഗാന മത്സരം**

മാതൃവേദി അംഗങ്ങൾക്കായുള്ള ഭക്തിഗാന മത്സരം ഓൺലൈൻ വഴി അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെയുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

**നിബന്ധനകൾ**

1. ക്രിസ്ത്യൻ ഭക്തിഗാനങ്ങളാണ് മത്സരത്തിനായി തിരഞ്ഞെടുക്കേണ്ടത്.
2. പാട്ടിന്റെ ദൈർഘ്യം 3 മിനിറ്റിൽ കൂടാൻ പാടുള്ളതല്ല.
3. തെരഞ്ഞെടുത്ത ഗാനങ്ങൾ മുഴുവനായും ആലപിക്കണമെന്ന് നിർബന്ധമില്ല.
4. മത്സരം മാതൃവേദി അംഗങ്ങൾക്ക് മാത്രമായിരിക്കും.
5. സോങ് എഫക്റ്റ്, കരോക്കെ, സംഗീത ഉപകരണങ്ങൾ എന്നിവയോ മ്യൂസിക് ആപ്പുകളോ ഉപയോഗിക്കാൻ പാടുള്ളതല്ല.
6. വീഡിയോയിൽ മുഖം മാസ്ക് വെച്ച് മറയ്ക്കാൻ പാടുള്ളതല്ല.
7. ഒരാൾക്ക് ഒരു ഗാനം മാത്രമാണ് അനുവദിച്ചിട്ടുള്ളത്.
8. പ്രായപരിധി ഇല്ല.
9. മത്സരത്തിനുള്ള വീഡിയോ അയച്ചുതരേണ്ട ഫോൺ നമ്പർ – 9207119554.
10. പാട്ടിനൊപ്പം പേര്, അഡ്രസ്സ്, ഇടവക, വാട്സ് ആപ്പ് നമ്പർ എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.
11. അയക്കുന്ന വീഡിയോയിൽ ഏതെങ്കിലും തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ മത്സരാർത്ഥിയെ ഒഴിവാക്കുന്നതായിരിക്കും.
12. പാട്ടുകൾ അയച്ചുതരേണ്ട അവസാന ദിവസം 2020 സെപ്റ്റംബർ 8, 5 pm ആയിരിക്കും.

13. വിജയികളെ 2020 സെപ്റ്റംബർ 30 ന് പ്രഖ്യാപിക്കുന്നതായിരിക്കും.
14. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി മേരി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി




**സുരക്ഷിത പ്രസവത്തിന് പ്രോലൈഫ് ഹെൽപ് ലൈൻ**

മനുഷ്യജീവൻ അതിന്റെ ആരംഭത്തിൽ തന്നെ വിലപ്പെട്ടതാണ്. പക്ഷെ, അവിഹിത ഗർഭധാരണം അല്ലെങ്കിൽ അപ്രതീക്ഷിത ഗർഭധാരണം തുടങ്ങിയവ വഴി സ്ത്രീകളെ പലവിധ വിഷമ സന്ധിയിലേക്കും മാനസിക പ്രതിസന്ധിയിലേക്കും നയിക്കുകയും തുടർന്ന് വളരെ ലാഘവത്തോടുകൂടെ അബോർഷന് വിധേയമാവുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള പ്രതിസന്ധിഘട്ടങ്ങളിൽ നിന്ന് സ്ത്രീകൾക്കും കുടുംബങ്ങൾക്കും ആശ്വാസമായി തൃശ്ശൂർ അതിരൂപത പ്രോലൈഫ് സമിതിയുടെ പ്രത്യേക കൗൺസിലിങ്ങ് വഴി സുരക്ഷിത പ്രസവത്തിന് വഴിയൊരുക്കുന്നു. അബോർഷന് തുനിയും മുമ്പ് ഞങ്ങളുമായി ബന്ധപ്പെടുക. മൊബൈൽ നമ്പർ – 9446311141, 9446317699, 9846852420. ഓരോ കുഞ്ഞും നാടിന്റെ നന്മയ്ക്ക്. അബോർഷൻ അരുത്.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




1. **സമ്മാന വിതരണം**
   ലോക്ഡൗൺ പശ്ചാത്തലത്തിൽ നടത്തിയ ഏദൻതോട്ടമത്സരം, ഷോർട്ട് ഫിലിം മത്സരം എന്നിവയുടെ സമ്മാനവിതരണം സ്നേഹ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. സമ്മാനാർഹർക്ക് അഭിനന്ദനങ്ങൾ
2. **ടി.വി. വിതരണം**
   നിർധനരായ വിദ്യാർത്ഥികൾക്കുള്ള പഠനസഹായ ഉപകരണമെന്ന നിലയിൽ ടി.വി. വിതരണം ചെയ്തു. വിതരണോദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു.
3. **സാമ്പത്തികസംവരണ അട്ടിമറിക്കെതിരെ പ്രതിഷേധം**
   EWS സാമ്പത്തിക സംവരണം അട്ടിമറിക്കാനുള്ള നീക്കത്തിനെതിരെ ഗ്ലോബൽ, രൂപത, ഫൊറോന തലങ്ങളിലുള്ള ഉപവാസസമരം സംഘടിപ്പിച്ചു. പൂർണതോതിലല്ലെങ്കിലും സമരത്തിന്റെ ഭാഗീക വിജയം കണ്ടെത്താനായതിൽ ഏവർക്കും അഭിനന്ദനങ്ങൾ.
4. **പൊളിറ്റിക്കൽ ഫോറം യോഗം**
   വരുന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി കാര്യങ്ങൾ വിലയിരുത്തി, പദ്ധതികൾ വിഭാവനം ചെയ്യുന്നതിനായി കത്തോലിക്ക കോൺഗ്രസ്സ് പൊളിറ്റിക്കൽ ഫോറം യോഗം ചേർന്നു. തുടർ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കാൻ തീരുമാനമെടുത്തു. വോട്ടർപട്ടിക പരിശോധന യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ.പി ജാക്സൻ മാസ്റ്റർ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്




# സി.എൽ.സി.

1. **ഇഗ്നേഷ്യസ് ലൊയോള അനുസ്മരണം**

തൃശൂർ അതിരൂപത സി എൽ സി ആഥിത്യം വഹിച്ച സംസ്ഥാന തല വി. ഇഗ്നേഷ്യസ് ലൊയോള ദിനം ഓഗസ്റ്റ് 2 ഞായറാഴ്ച ആചരിച്ചു. കോവിഡ് 19 ന്റെ സാഹചര്യത്തിൽ, മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് രാവിലെ 7ന് ഡി ബി സി എൽ സി യിൽ നടന്ന വിശുദ്ധ കുർബാനക്കും മറ്റു തിരുകർമ്മങ്ങൾക്കും തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് മുഖ്യ കാർമികത്വം വഹിച്ചു. ശേഷം അംഗങ്ങൾ പ്രതിജ്ഞ പുതുക്കുകയും തുടർന്ന് പതാക വന്ദനവും വിശുദ്ധന്റെ ഛായചിത്രത്തിൽ പുഷ്പാർച്ചനയും നടത്തി.

തിരുക്കർമ്മങ്ങൾ ഷെക്കെന ചാനലിലും മീഡിയ കത്തോലിക്കാ, സി എൽ സി തൃശൂർ എന്നീ യുട്യൂബ് ചാനലുകളിലും തത്സമയ സംപ്രേഷണം ചെയ്തു. വൈകിട്ട് 7.30നു വി. ഇഗ്നേഷ്യസ് ലൊയോള അനുസ്മരണ സമ്മേളനം സൂം ആപ്പ്ളിക്കേഷനലിലൂടെ ഓൺലൈനായി സംഘടിപ്പിച്ചു. അനുസ്മരണ സമ്മേളനം തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ. ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ഷോബി പോൾ അധ്യക്ഷത വഹിച്ചു.കഴിഞ്ഞ മാസം അന്തരിച്ച മുൻ ദേശീയ സി എൽസി കൺസൽട്ടന്റ് ശ്രീ.മാർക്കോസിന്റെ വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സംസ്ഥാന പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ആമുഖ പ്രഭാഷണവും തൃശൂർ അതിരൂപത പ്രസിഡന്റ് ജോമി ജോൺസൻ സ്വാഗതവും, സംസ്ഥാന ട്രഷറർ ബിജിൽ സി ജോസഫ് നന്ദിയും പ്രകാശിപ്പിച്ചു. സംസ്ഥാന അനിമേറ്റർ സി.ജ്യോതിസ്, സെക്രട്ടറി ജെയിംസ് പഞ്ഞിക്കാരൻ ഉൾപ്പെടെയുള്ള സംസ്ഥാന ഭാരവാഹികളും വിവിധ രൂപ

തകളിൽ നിന്നുമായി നൂറോളം രൂപത ഭാരവാഹികളും പങ്കെടുത്തു നേരത്തെ അതിരൂപതയിലെ ഇടവകകളിൽ കോവിഡ് പ്രൊട്ടോകോൾ പാലിച്ചു, വി. ഇഗ്നേഷ്യസ് ലൊയോള അനുസ്മരണ ദിനമായ ജൂലൈ 31 നു പതാക ഉയർത്തലും, വിശുദ്ധന്റെ ഛായചിത്രത്തിൽ പുഷ്പാർച്ചനയും വിവിധ ഇടവക വികാരിയാച്ചന്മാരുടെയും സി എൽ സി യൂണിറ്റു ഭാരവാഹികളുടെയും നേതൃത്വത്തിൽ നടത്തി. പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ ഇടവകയിലെ മുഴുവൻ വിദ്യാർത്ഥികളെയും ഇടവക സി എൽ സിയുടെ നേതൃത്വത്തിൽ അന്നേ ദിവസം ഉപഹാരങ്ങൾ നൽകി അനുമോദിച്ചു. അതിരൂപതയിൽ വി. ഇഗ്നേഷ്യസ് ലൊയോള അനുസ്മരണ ദിനാചരണ ആഘോഷ പ്രവർത്തങ്ങൾക്ക് സി എൽ സി അതിരൂപത അസി. പ്രൊമോട്ടർമാരായ ഫാ. ഫ്രാജോ വാഴപ്പിള്ളി, ഫാ. ജിക്സൻ മാളോക്കാരൻ, ഭാരവാഹികളായ ജെസ്വിൻ സാജു, ഐജോ പൊറത്തൂർ, വിനേഷ് കോളേങ്ങാടൻ, ഡിൽജോ തരകൻ, ഡോംസൺ സൈമൻ, ജീസോ ലോനപ്പൻ, നോബി മേനാചേരി, സെബിൻ സി. കെ, ഫെസിൻ, അജിത്, ജെറിൻ എന്നിവർ നേതൃത്വം നൽകി

2. **'തളിർ ' കൃഷി**

തൃശൂർ അതിരൂപതാ സി.എൽ.സി.യുടെ നേതൃത്വത്തിൽ തരിശിടങ്ങൾ കൃഷിയിടങ്ങളാക്കുന്ന 'തളിർ' പദ്ധതിയുടെ ഭാഗമായുള്ള കൃഷിക്കു അതിരൂപത തലത്തിൽ തുടക്കമായി. കുറ്റൂരിൽ തൃശൂർ അതിരൂപത സി എൽ സിയുടെ പേരിലുള്ള 80 സെൻറ് സ്ഥലത്താണ് 'തളിർ' പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി ആരംഭിച്ചിരിക്കുന്നത്. ആഗസ്റ്റ് 2 ഞായറാഴ്ച കാലത്തു 9:30നു തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ വാഴത്തൈ നട്ടുകൊണ്ട് പദ്ധതി ഉദ്ഘാടനം ചെയ്തു. കൃഷി ഒരു സംസ്കാരമായി വളരണമെന്ന് മാർ നീലങ്കാവിൽ ഉദ്ബോധിപ്പിച്ചു. സ്വന്തം വീട്ടുവളപ്പിലും, പറമ്പിലും കൃഷിയിറക്കുവാനായി കൂടുതൽ യുവജനങ്ങൾ മുന്നോട്ട് വരുവാൻ അതിരൂപത സി എൽ സിയുടെ ഈ ഉദ്യമത്തിലൂടെ സാധിക്കുമെന്ന് അഭിവന്ദ്യ പിതാവ് കൂട്ടിച്ചേർത്തു. വി. ഇഗ്നേഷ്യസ് ലയോളയുടെ അതിരൂപതതല അനുസ്മരണം നടന്ന ദിവസം തന്നെ ഇതിനു തിരഞ്ഞെടുത്ത അതിരൂപത ഭാരവാഹികളെ പിതാവ് പ്രത്യേകം അഭിനന്ദിച്ചു. ഇതിനോടനുബന്ധിച്ചു അതിരൂപത തലത്തിൽ രൂപീകരിക്കുന്ന ഹരിത സേനയുടെ ഉത്ഘാടനം കൊട്ടേക്കാട് സെന്റ് മേരീസ് അസംപ്ഷൻ ഫൊറോന പള്ളി വികാരി ഫാ. ജോജു ആളൂർ നിർവഹിച്ചു. അതിരൂപതാ സി.എൽ.സി. പ്രസിഡന്റ് ജോമി ജോൺ

സൺ അധ്യക്ഷനായി. അതിരൂപതാ സി. എൽ. സി. ഡയറക്ടർ ഫാ. ജിയോ തെക്കിനിയത്ത്, അതിരൂപതാ അസിസ്റ്റന്റ് പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി, ഷേൺസ്റ്റാറ്റ് സന്യാസസമൂഹാംഗമായ ഫാ. വിൽസൺ, സി.എൽ.സി. കൊട്ടേക്കാട് ഫൊറോന പ്രമോട്ടർ ഫാ. അൻവിൻ ചിറ്റിലപ്പിള്ളി, കോലഴി പഞ്ചായത്ത് പ്രസിഡന്റ് പി.ജി. ഉണ്ണികൃഷ്ണൻ, വൈസ് പ്രസിഡന്റ് ജെസി ലോനപ്പൻ, സൗത്ത് സോൺ പ്രസിഡന്റ് എന്നിവർ സന്നിഹിതരായിരുന്നു. അതിരൂപതാ സെക്രട്ടറി ജെസ്വിൻ സാജു സ്വാഗതവും കൺവീനർ ജീസോ ലോനപ്പൻ നന്ദിയും ആശംസിച്ചു. ആദ്യഘട്ടത്തിൽ വിവിധ പ്ലോട്ടുകളായി തിരിച്ച് വാഴ, പയർ, വെണ്ട എന്നിവയാണ് കൃഷി ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് അതിരൂപത സി. എൽ. സി. ട്രഷറർ ഐജോ പൊറത്തൂർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ വിനേഷ് ജെ കൊള്ളേങ്ങാടൻ ബിജിൽ സി. ജോസഫ്, ഡിൽജോ തരകൻ, ഡോംസൺ സൈമൺ, സെബിൻ സി. കെ., നോബി മേനാച്ചേരി, ഫെസിൻ, ജെറിൻ, അജിത്, ഫൊറോന പ്രസിഡന്റ് റോഷൻ വിൽസൺ, സി.വൈ. ജാക്സൺ തുടങ്ങിയവർ നേതൃത്വം നൽകി.

3. **മരിയോത്സവം ആഗസ്റ്റ് 28 മുതൽ**

തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെ നേതൃത്വത്തിൽ സി.എൽ.സി പ്രവർത്തകരുടെ സാഹിത്യ കലാവാസനകളെ പരിപോഷിപ്പിക്കുതിന് വേണ്ടി അതിരൂപതാതല കലാസാഹിത്യ മേള മരിയോത്സവം 2020 സംഘടിപ്പിക്കുന്നു. അതിരൂപതാതല സാഹിത്യ മത്സരങ്ങൾ ഓഗസ്റ്റ് 28,29 തീയതികളിലും കലാമത്സരങ്ങൾ ഓഗസ്റ്റ് 30, സെപ്റ്റംബർ 1,2 തീയതികളിലും ഓൺലൈനായി നടത്തുന്നു. കൊറോണയുടെ പശ്ചാത്തലത്തിൽ ഈ വർഷം സാഹിത്യമത്സരങ്ങളും കലാമത്സരങ്ങളും അതിരൂപതതലത്തിൽ മാത്രമെ ഉണ്ടായിരിക്കുകയുള്ളൂ.

**സാഹിത്യമത്സരങ്ങളും മത്സരസമയവും**

പെൻസിൽ ഡ്രോയിങ്ങ്, കാർട്ടൂൺ, കഥാരചന, കവിതാരചന, ഉപന്യാസം. (ഓരോന്നും ഒരു മണിക്കൂർ വീതം)

**കലാമത്സരങ്ങളും മത്സരസമയവും**

ലളിതഗാനം (5 മിനിറ്റ്), സിംഗിൾ ഡാൻസ് (6 മിനിറ്റ്), പുത്തൻപ്പാന പാരായണം (7 മിനിറ്റ്), മോണോആക്റ്റ് (5 മിനിറ്റ്), പ്രസംഗ മത്സരം (5 മിനിറ്റ്), ബൈബിൾ പാരായണം(3 മിനിറ്റ്). മരിയോൽസവത്തിന്റെ വിജയത്തിന് ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**

ശ്രീ. ജീസോ ലോനപ്പൻ (കൺവീനർ , 7403030301), ശ്രീ. ജോമി ജോൺസൻ (പ്രസിഡന്റ്, 9447769815)

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി




1. **ടെലിവിഷൻ വിതരണ പദ്ധതി**

കോവിഡ് 19 കാലഘട്ടത്തിൽ ഓൺലൈൻ പഠനത്തിന് ടി.വി., സ്മാർട്ട് ഫോൺ മറ്റു സംവിധാനങ്ങളൊന്നും ഇല്ലാതെ ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകുന്നതിന്റെ ഭാഗമായിട്ടാണ് കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിയ 100 രൂപ ചലഞ്ചിലൂടെ ലഭിച്ച തുക സമാഹരിച്ച് വിദ്യാർത്ഥികൾക്കുവേണ്ടി ടെലിവിഷൻ വാങ്ങി നൽകിയത്. ടെലിവിഷൻ വിതരണോദ്ഘാടനം തൃശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. കെ.സി.വൈ.എം. സംഘടനയുടെ ടി.വി. ചലഞ്ച് വളരെ മാതൃകാപരവും, അതിരൂപതയുടെ കാരുണ്യ പ്രവൃത്തികളുടെ തുടർച്ചയായും ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്ന കെ.സി.വൈ.എം. സംഘടനയുടെ പ്രവർത്തനങ്ങളാണ് എന്ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അഭിപ്രായപ്പെട്ടു. ആദ്യഘട്ടത്തിൽ 25 ടി.വി.കൾ അതിരൂപത പ്രസിഡന്റ് സാജൻ ജോസ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് കൈമാറി. ചടങ്ങിൽ കെ.സി.വൈ.എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള ആമുഖപ്രഭാഷണം നടത്തി. അതിരൂപത പ്രസിഡണ്ട് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ, ജനറൽ സെക്രട്ടറി സാജൻ ജോയ്, ട്രഷറർ അഖിൽ ജോസ്,

ജിഷാദ്, ശരത്, വില്യംസ്, ആനിമേറ്റർ സി. ടീന മരിയ എന്നിവർ പ്രസംഗിച്ചു. തൃശൂർ ജില്ലയിലെ പാവപ്പെട്ട വിദ്യാർത്ഥികളെ കണ്ടെത്തി പഠന സഹായം നൽകുവാനാണ് കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതി തീരുമാനിച്ചിരിക്കുന്നത്.

**2. പതാക ദിനം**

ഈ വർഷത്തെ കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ തൃശൂർ അതിരൂപത സമിതിയുടെ നേതൃത്വത്തിലുള്ള പതാക ദിനാഘോഷം നിലവിലുള്ള കോവിഡ് മാനദണ്ഡങ്ങൾക്ക് വിധേയമായി തൃശൂർ അതിരൂപത സമിതിയുടെയും വേലൂർ ഫൊറോന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ 2020 ജൂലൈ 3 ന് വേലൂർ സെന്റ് ഫ്രാൻസിസ് ഫൊറോന പള്ളിയിൽ വെച്ച് ആഘോഷിച്ചു. കാലത്ത് 6.30 മണിക്ക് നടന്ന ദിവ്യബലിക്ക് തൃശൂർ കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള മുഖ്യ കാർമ്മികത്വം വഹിച്ചു. തൃശൂർ അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള വേലൂർ ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. ഡേവീസ് ചിറയത്ത്, വേലൂർ ഫൊറോന കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ജോഫി ചിറ്റിലപ്പിള്ളി എന്നിവർ ചേർന്ന് പതാക ഉയർത്തി. വേലൂർ ഫൊറോന ജനറൽ സെക്രട്ടറി ആനന്ദ് പോൾ പ്രതിജ്ഞ ചൊല്ലി കൊടുത്തു. തുടർന്ന് തൃശൂർ അതിരൂപത കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ. സാജൻ ജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ വേലൂർ ഫൊറോന കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ. ജിഷാദ് ജോസ് സ്വാഗതം ആശംസിച്ചു. വേലൂർ ഫൊറോന കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ജോഫി ചിറ്റിലപ്പിള്ളി ആമുഖ പ്രഭാഷണവും, തൃശൂർ അതിരൂപത കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ. സാജൻ ജോസ് അദ്ധ്യക്ഷപ്രസംഗവും, വേലൂർ ഫൊറോന വികാരി വെരി. റവ. ഫാ. ഡേവീസ് ചിറയത്ത് അനുഗ്രഹ പ്രഭാഷണവും നടത്തി. തൃശൂർ അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള ഉദ്ഘാടന കർമ്മവും നിർവ്വഹിച്ചു. കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിലൂടെ യുവജനങ്ങൾ ആത്മീയമായും, ഭൗതീകമായും അഭിവൃദ്ധി പ്രാപിച്ചുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരണമെന്നും ക്രിസ്തുവിന്റെ ധീരസാക്ഷികൾ ആകണമെന്നും പ്രസ്ഥാനത്തിന്റെ പതാകയിൽ ആലേഖിതമായിരിക്കുന്ന മൂവർണ്ണം സ്വന്തം ജീവിതത്തിലേക്ക് പകർത്തണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. തുടർന്ന് കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി ശ്രീ. അനൂപ് പുന്നപ്പുഴ മുഖ്യപ്രഭാഷണം നടത്തി. തൃശൂർ അതിരൂപത കെ.സി.വൈ.എം. അസി. ഡയറക്ടർ റവ. ഫാ. ഫെബിൻ

കുത്തൂർ, തൃശൂർ അതിരൂപത കെ.സി.വൈ.എം. അസി. ഡയറക്ടർ റവ. ഫാ. സ്റ്റാഴ്സൺ കള്ളിക്കാടൻ, തൃശൂർ അതിരൂപത കെ.സി. വൈ.എം. ആനിമേറ്റർ സി. ടീന മരിയ, വേലൂർ ഫൊറോന പള്ളി അസി. വികാരി റവ. ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ, തൃശൂർ അതിരൂപത കെ.സി.വൈ.എം. സെക്രട്ടറി ശ്രീ. ജിയോ മാഞ്ഞൂരാൻ, SMYM പ്രതിനിധി സിനി സേവ്യർ, കെ.സി.വൈ.എം. സംസ്ഥാന ഓഡിറ്റർ ശ്രീ. ജിയോ ജോൺ, വേലൂർ ഫൊറോന കെ.സി.വൈ. എം. ജനറൽ സെക്രട്ടറി ആനന്ദ് പോൾ, വേലൂർ ഫൊറോന കെ. സി.വൈ.എം. ട്രഷറർ ഡാനിയൽ, കെ.സി.വൈ.എം. വേലൂർ യൂണിറ്റ് പ്രസിഡന്റ് റിന്റോ, വേലൂർ ഫൊറോന പള്ളി ട്രസ്റ്റി ശ്രീ. സജി എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന് തൃശൂർ അതിരൂ പതാതല മെമ്പർഷിപ്പ് ക്യാമ്പൈൻ അതിരൂപത ഡയറക്ടർ പുതു തായി അംഗത്വ ഫോം കൈമാറിയും അതിരൂപത പ്രസിഡന്റ് ഹാരം അണിയിച്ചും ഉദ്ഘാടനം ചെയ്തു. തുടർന്ന് കെ.സി.വൈ.എം. തൃശൂർ അതിരൂപത ട്രഷറർ ശ്രീ. അഖിൽ ജോസ് നന്ദി അറിയിച്ച് സംസാരിച്ചു.

3. **World Wide Big Music Competition**

കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെ യൂ–ട്യൂബ് ചാനലിൽ നടത്തി വന്നിരുന്ന ജാതി–മതഭേദമെന്യ എല്ലാവർക്കും പങ്കെടുക്കാ വുന്ന World Wide Big Music Competition ൽ 246 മത്സരാർത്ഥികൾ വാശിയേറിയ പോരാട്ടം കാഴ്ചവച്ചു. മത്സരത്തിൽനിന്നും വിധി കർത്താക്കൾ തിരഞ്ഞെടുത്ത മികച്ച ഗാനം, ഏറ്റവും കൂടുതൽ വ്യൂസ്, ഏറ്റവും കൂടുതൽ ലൈക്ക് എന്നിവ പരിഗണിച്ചുകൊണ്ടാണ് വിജയിയെ തിരഞ്ഞെടുത്തിരിക്കുന്നത്.

മികച്ച ഗാനം: എൻട്രി നമ്പർ 162 – ഗായത്രി മേനോൻ, പാലക്കാട്
ഏറ്റവും കൂടുതൽ വ്യൂസ് & ലൈക്ക്: എൻട്രി നമ്പർ 26 – ജിബിന സജി, കണ്ണൂർ

4. **ഹരിതവിപ്ലവം**

ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, കോവിഡ് കാലഘട്ടത്തിൽ യുവ ജനങ്ങൾക്ക് കൂടുതൽ കാർഷിക മേഖലയ്ക്ക് ശ്രദ്ധ ചെലുത്തുന്ന തിനായി പ്രചോദനം നൽകുന്നതിന്റെ ഭാഗമായി കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ഹരിതം പദ്ധതിയുടെ ഭാഗമായി കെ.സി. വൈ.എം. തൃശൂർ അതിരൂപത 200 രൂപയോളം വില വരുന്ന 5000 കിറ്റ് 115 രൂപയ്ക്ക് വിവിധ ഇടവകകളിൽ വിതരണം ചെയ്തുവരു ന്നു. തൃശൂർ അതിരൂപത ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വിത

രണോദ്ഘാടനം നിർവ്വഹിച്ചു. ഡയറക്ടർ ഫാ. ഡിറ്റോ കൂള, പ്രസിഡന്റ് സാജൻ ജോസ്, ജനറൽ സെക്രട്ടറി സാജൻ മുണ്ടൂർ, ട്രഷറർ അഖിൽ ജോസ്, സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ, ആനിമേറ്റർ സി. ടീന മരിയ, വൈസ് പ്രസിഡന്റ് ജിഷാദ് ജോസ്, സെക്രട്ടറി ജിയോ മാഞ്ഞൂരാൻ, സെനറ്റ് മെമ്പർ ശരത് ജോസഫ് എന്നിവർ നേതൃത്വം നൽകി.

**5. ഏകദിന ഉപവാസ സമരം**

കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതി ഉപവാസ സമര സദസ്സ് ഒരുക്കി കെ.സി.വൈ.എം. തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ ജോസും, സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴയും നേതൃത്വം നൽകിയ ഏകദിന ഉപവാസ സമര സദസ്സ് രാവില 9 മണിക്ക് അഭിവന്ദ്യ മാർ ആന്ഡ്രൂസ് താഴത്ത് ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള സമരഭടന്മാരെ ഹാരമണിയച്ച് അഭിസംബോധന ചെയ്ത് സംസാരിച്ചു. സാമ്പത്തിക സംവരണ അട്ടിമറിക്ക് എതിരെ, സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് സംരക്ഷിക്കുക, പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിക്കുക, കർഷകരെ ദ്രോഹിക്കുന്ന വനംവകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് തൃശൂർ അതിരൂപത ജനറൽ സെക്രട്ടറി സാജൻ മുണ്ടൂർ, ട്രഷറർ അഖിൽ ജോസ്, ആനിമേറ്റർ സി. ടീന മരിയ, ജിഷാദ് ജോസ്, ജിയോ മാഞ്ഞൂരാൻ, ശരത് നെല്ലങ്കര, ജിമ മരിയ, മരിയ ആന്റണി എന്നീ സെക്രട്ടറിയേറ്റ് അംഗങ്ങൾ ഉപവാസം അനുഷ്ഠിച്ച സദസ്സിന് വൈകീട്ട് 9 മണിക്ക് മാർ ടോണി നീലങ്കാവിൽ പിതാവ് സമാപന സന്ദേശം നൽകി. കെ.സി.വൈ.എമ്മിന്റെ ഏകദിന ഉപവാസ സമരത്തിന് വിവിധ സമയങ്ങൾ 16 ഫൊറോന പ്രസിഡന്റുമാരും, സാമൂഹിക–സാമുദായിക–രാഷ്ട്രീയ മേഖലകളിലെ പ്രമുഖരും, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ജോലി ലഭിക്കാത്ത പ്രിയ സുഹൃത്തുക്കളും സമരത്തിന് ഐക്യദാർഢ്യം അർപ്പിച്ചു സംസാരിച്ചു. ഫെയ്സ് ബുക്കിലൂടെ തത്സമയം സംപ്രേക്ഷണം ചെയ്ത പരിപാടിക്ക് ഫാ. ഡൈജോ പൊറുത്തൂർ, ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ, ഫാ. ഡിക്സൺ കൊളമ്പ്രത്ത്, ഫാ. സ്റ്റാർസൺ കള്ളിക്കാടൻ, ഡാനി ആനന്ദ് എന്നിവർ നേതൃത്വം നൽകി.

**6. സ്വാതന്ത്ര്യദിനാഘോഷം**

കൊറോണ മഹാമാരി രാജ്യമെങ്ങും വ്യാപിക്കുന്ന ഈ സാഹചര്യത്തിൽ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്

കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെ ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷം നടന്നു. കെ.സി.വൈ.എം. തൃശൂർ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂളയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയ്ക്കുശേഷം ഭാരതത്തിന്റെ ദേശീയ പതാക അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, പാലയൂർ ഫൊറോന ഡയറക്ടർ ഫാ. സിന്റോ പൊന്തേക്കൻ എന്നിവർ ചേർന്ന് വാനിലേക്കുയർത്തി. അതിരൂപത ജനറൽ സെക്രട്ടറി സാജൻ ജോയ്, ട്രഷറർ അഖിൽ ജോസ്, വൈസ് പ്രസിഡന്റ് ജിഷാദ് ജോസ്, പാലയൂർ ഫൊറോന പ്രസിഡന്റ് വിപിൻ ലൂയിസ്, അതിരൂപത ആനിമേറ്റർ സി. ടീന മരിയ എന്നിവർ സ്വാതന്ത്ര്യദിനത്തിന്റെയും, പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാളിന്റെയും ആശംസകൾ നേർന്നു സംസാരിച്ചു.

**7. സൈനിക വീരഗാഥയ്ക്ക് സ്നേഹാദരം**

കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ പാക്കിസ്ഥാനുമായുള്ള യുദ്ധത്തിനുശേഷം കാർഗിലിൽ ഇന്ത്യ നേടിയ വിജയത്തിന്റെ 21–ാം വാർഷിക ദിനത്തിൽ കാർഗിൽ യുദ്ധ സമയത്ത് ഇന്ത്യൻ സൈനികർ മാതൃഭൂമിയെ സംരക്ഷിക്കാൻ ജീവൻ ബലിയർപ്പിച്ച സൈനികരെ സ്മരിച്ചുകൊണ്ട് അയ്യന്തോൾ അമർ ജവാൻ മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ ജോസ് പുഷ്പചക്രം സമർപ്പിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള കാർഗിൽ വിജയ് ദിവസത്തിൽ രാജ്യം മുഴുവനും രക്തസാക്ഷികളായ സൈനികരെ അനുസ്മരിക്കുകയും, അവരുടെ കുടുംബങ്ങൾക്ക് പ്രാർത്ഥനകൾ നേരുകയും ചെയ്തു. നമ്മുടെ വീരന്മാരുടെ അപര്യാപ്തമായ ധൈര്യത്തിനും, ധീരതയ്ക്കും, ത്യാഗത്തിനും അഭിവാദ്യമർപ്പിച്ച് കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ സംസാരിച്ചു. ജനറൽ സെക്രട്ടറി സാജൻ മുണ്ടൂർ സ്വാഗതവും, ട്രഷറർ അഖിൽ ജോസ് നന്ദിയും അർപ്പിച്ചു. വൈസ് പ്രസിഡന്റ് ജിഷാദ് ജോസ്, സെക്രട്ടറി ജിയോ മാഞ്ഞൂരാൻ, ജോസ്ന ജോൺസൻ, ശരത് ജോസഫ്, ജിയോ ജോൺ, ജോയ്സൺ എന്നിവർ പുഷ്പാർച്ചന നടത്തി അനുസ്മരണത്തിൽ പങ്കുചേർന്നു.

**ഫാ. ഡിറ്റോ കൂള**
ഡയറക്ടർ

**സാജൻ ജോസ്**
പ്രസിഡന്റ്

**സാജൻ ജോയ്**
സെക്രട്ടറി

# സെന്റ് മേരീസ് ഐ. ടി. സി. & തൊഴിൽ അഭ്യസനപീഠം

1. **അലോട്ട്മെന്റ് ആരംഭിച്ചു**

ഈവർഷത്തെഅഡ്മിഷനുള്ളസീറ്റ്അലോട്ട്മെന്റ് ആരംഭിച്ചു

N.C.V.T ട്രേഡുകൾ:

| | |
|---|---|
| മെക്കാനിക്ക്മോട്ടോർവെഹിക്കിൾ (M.M.V) | - 2 വർഷം |
| മെഷിനിസ്റ്റ് | - 2 വർഷം |
| ഫിറ്റർ | – 2 വർഷം |
| St. Mary’s I.T.I. മെക്കാനിക്ക്ഡീസൽ (Marine) | - 1 വർഷം |
| വെൽഡർ (TIG, MIG, Gascutting, X-Ray) | - 1 വർഷം |
| ഇലക്ട്രീഷ്യൻ | - 2 വർഷം |
| ഇലക്ട്രാണിക്മെക്കാനിക്ക് | - 2 വർഷം |
| ഫിറ്റർ | - 2 വർഷം |
| ThozhilAbhyasanaPeedam I.T.I. | |
| ഡ്രാഫ്റ്റ്സ്മാൻ സിവിൽ | - 2 വർഷം |

അഡ്മിഷൻ ഹെൽപ്പ്ലൈൻ നമ്പർ

0487 – 2423145 / 9446901803 (Principal)

St. Mary’s I.T.I. 0487 – 2426740 / 9446724923 (Principal)

ThozhilAbhyasanaPeedamI.T.I.

അഡ്മിഷൻ ഫോംഓൺലൈനായും സമർപ്പിക്കാം.

Website – www.stmarysitithrissur.com

2. **സെന്റ് മേരീസിൽ ഷോർട്ട് ടേം കോഴ്സുകൾ ആരംഭിച്ചു.**

| | |
|---|---|
| Welder | - 6 മാസം |
| CNC Milling&MasterCam | - 6 മാസം |

3. തൊഴിൽഅഭ്യസനപീഠം I. T. I ൽ മെക്കാനിക്ക് റഫ്രിജറേഷൻ എയർകണ്ടീഷനിംഗ് (MRAC) ട്രേഡ് അംഗീകാരത്തിനു വിധേയമായി ഈ വർഷം ആരംഭിക്കുന്നതാണ്.

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ

**ഫാ. വർഗ്ഗീസ് എടക്കളത്തൂർ**
അസി. മാനേജർ

**ഫാ. തോമസ് പൂപ്പാടി**
അസി. മാനേജർ

# കരുണട്രസ്റ്റ്

## കരുണട്രസ്റ്റ്
## വിദ്യാഭ്യാസ സഹായത്തിന് അപേക്ഷ ക്ഷണിച്ചു

അതിരൂപത കരുണട്രസ്റ്റ് വിവിധ തൊഴിലധഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് വർഷംതോറും നല്കി വരുന്ന സഹായത്തിനു അപേക്ഷകൾ ക്ഷണിച്ചു. ജനറൽ നഴ്സിങ്ങ്, എം.ടി.ഐ., പോളി ടെക്നിക്ക്, ഐ.ടി.സി., പാരാമെഡിക്കൽ, ലാബ് ടെക്നീഷ്യൻ, ടി.ടി.ഐ., ബി.എഡ് തുടങ്ങിയ കോഴ്സുകളാണ് ഉദ്ദേശിക്കുന്നത്. ജാതിഭേദമന്യെ നല്കുന്ന സഹായത്തിന് തൃശ്ശൂർ അതിരൂപതയിലെ ഇടവക പള്ളി വികാരിയുടെ ശുപാർശയോടെ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ 2020 സെപ്തംബർ 20ന് മുമ്പ് അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോം അതിരൂപത സാമ്പത്തിക കാര്യലയത്തിൽ നിന്നും, online ആയി അതിരൂപത വെബ് സൈറ്റിൽ (www.trichurarchiocese.org/download) നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാ. നൈസൺ ഏലന്താനത്ത്, സെക്രട്ടറി, കരുണാട്രസ്റ്റ്, ആർച്ച് ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ 680 005, (ഫോൺ: 0487 2333325) എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

**ഫാ. നൈസൺ ഏലന്താനത്ത്**
സെക്രട്ടറി

**മോൺ. തോമസ് കാക്കശ്ശേരി**
ചെയർമാൻ



വേലൂപ്പാടം സെന്റ് ജോസഫ് തീർത്ഥകേന്ദ്രത്തിലെ
നവീകരിച്ച കപ്പേള വെഞ്ചിരിപ്പ്
(മാർ ആൻഡ്രൂസ് താഴത്ത് - 15 ആഗസ്റ്റ് 2020)



Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.08.2020
**September- 2020**




**വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുന്നാൾ**
**(സെപ്റ്റംബർ 14)**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor